# പെന്തക്കുസ്താ നമ്മുടെ ജീവിതത്തിൽ

231.3
0

ഫാ. ഫ്ളോറിൻ സി.എം.ഐ.

# പെന്തക്കുസ്താ നമ്മുടെ ജീവിതത്തിൽ

*(For Private Circulation only)*

**Fr. FLORIN C. M. I.**

CHARISMATIC RENEWAL CENTRE
Chethippuzha Monastery
CHANGANACHERRY - 686104

m/2343
FLO

പെസഹാത്തിരുനാൾ, പെന്തക്കുസ്താത്തിരുനാൾ, കൂടാരത്തിരുനാൾ ഇവയാണു് യഹൂദന്മാരുടെ മൂന്നു പ്രധാന തിരുനാളുകൾ. സീനായി മലയിൽവെച്ചു് മോശെ വഴി 'നിയമം' നൽകി ഇസ്രായേൽ ജനത്തിനു ജന്മം കൊടുത്ത ദിവസത്തിന്റെ വാർഷികമായതുകൊണ്ടു് യഹൂദജനത പെന്തക്കുസ്താത്തിരുനാൾ ഭക്തിപൂർവ്വം ആഘോഷിച്ചുപോന്നു. ക്രിസ്തുനാഥന്റെ സ്വർഗ്ഗാരോഹണം കഴിഞ്ഞു വന്ന പെന്തക്കുസ്താദിനത്തിലാണു് സീയോൻ മാളികയിൽവെച്ചു് ക്രിസ്തുശിഷ്യന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചതു്. അന്നാണു സഭയുടെ ജന്മദിനം. അന്നു പരിശുദ്ധാത്മാവിനെ സ്വീകരിച്ചവരിലും അനുഗാമികളായ ആദിമ ക്രിസ്ത്യാനികളിലും 'പെന്തക്കുസ്തായുടെ അനുഭവം' വരുത്തിയ അത്ഭുതകരമായ പരിവർത്തനത്തെക്കുറിച്ചു് 'ശ്ലീഹന്മാരുടെ നടപടി' എന്ന വിശുദ്ധ ഗ്രന്ഥത്തിൽ നാം വായിക്കുന്നു. ഭീരുവായ പത്രോസ്, ധീരനായ പത്രോസായതും കോപത്തിന്റെ ഇടിവാൾ മിന്നിച്ച യോഹന്നാൻ സ്നേഹത്തിന്റെ പൂനിലാവു പൊഴിക്കുന്ന സുവിശേഷകനായതും പീഡകനായ ശാവോൽ പ്രേഷിതനായ പൗലോസായതും, ഇതുപോലെ തുടർന്നുണ്ടായ അനേകമനേകം മാനസാന്തരങ്ങളും 'പെന്തക്കുസ്തായുടെ അനുഭവം' നിമിത്തമത്രേ. ഈ അനുഭവത്തിന്റെ ശക്തിമൂലമാണു് എണ്ണമററ രക്തസാക്ഷികൾ ക്രിസ്തുവിന്റെ തിരുനാമത്തെപ്രതി ജീവൻ ബലി കഴിക്കുവാൻ തയ്യാറായതും.

'പെന്തക്കുസ്താ നമ്മുടെ ജീവിതത്തിൽ' എന്ന ഈ ചെറു പുസ്തകത്തിൽ ആദിമക്രിസ്ത്യാനികൾക്കും ആധുനികക്രിസ്ത്യാനികൾക്കും ഉണ്ടായ 'പെന്തക്കുസ്തായുടെ അനുഭവ'ത്തെക്കുറിച്ചു പൊതുവായ ചില കാര്യങ്ങൾ പ്രസ്താവിച്ചിരിക്കുന്നു.

# പെന്തക്കുസ്താ
# നമ്മുടെ ജീവിതത്തിൽ

ആരാണു് 'പെന്തക്കോസ്തൽ'?
ആരാണു് കരിസ്മാററിക്?

ദാഹിച്ചുവലഞ്ഞു് കാട്ടരുവി തേടുന്ന
മാൻപേടയെപ്പോലെ
ദൈവത്തെ അന്വേഷിക്കുന്ന മനുഷ്യരുണ്ടു്.

'പിതാവായ ദൈവമെ,
അവിടത്തെ പരിശുദ്ധാത്മാവിനെ
എനിക്കു തരണമെ'
എന്നവർ നിലവിളിച്ചു പ്രാർത്ഥിക്കുന്നു.

സ്വർഗ്ഗസ്ഥനായ പിതാവു് ഈ മഹാദാനം
തന്നോടു ചോദിക്കുന്ന മക്കൾക്കു
ധാരാളമായി നൽകുന്നു.

പിതാവിൻെറ പക്കൽനിന്നു
ഈ അനുഗ്രഹം പ്രാപിച്ചവരിൽ
പരിശുദ്ധാത്മാവിൻെറ ദാനങ്ങളും ഫലങ്ങളും
സവിശേഷം തെളിഞ്ഞുകാണുന്നു.

ഈ ഗണത്തിൽപ്പെട്ടവരാണു്
'പെന്തക്കോസ്തൽ' അഥവാ 'കരിസ്മാററിക്ക്'
എന്ന പേരിനർഹതയുള്ളവർ.

# പിതാവിൻെറ വാഗ്ദാനം

ഈശോയുടെ സ്വർഗ്ഗാരോഹണത്തിനു് ഇനി അധികം സമയമില്ല. അന്നൊരു ദിവസം ശിഷ്യന്മാർ ഗുരുവിൻെറ പക്കൽ ഒരുമിച്ചുകൂടി. അവർ നൂററിയിരുപതുപേരോളം ഉണ്ടായിരുന്നു. ''നിങ്ങൾ ജറുസലേമിൽത്തന്നെ താമസിച്ചു്, നിങ്ങളോടു ഞാൻ പറഞ്ഞ 'പിതാവിൽനിന്നുള്ള വാഗ്ദാനം' പാർത്തിരിക്കണം'' എന്നു ഗുരുനാഥൻ അരുളിച്ചെയ്തു (നട. 1/4).

എന്താണു് ഈ പിതാവിൽനിന്നുള്ള വാഗ്ദാനം?

''ഞാൻ പിതാവിനോടു ചോദിക്കും. നിങ്ങളോടുകൂടി എന്നും വസിക്കേണ്ടതിനു വേറൊരു ആശ്വാസപ്രദനെ പിതാവു നിങ്ങൾക്കു തരും'' (യോഹ. 14/16).

''പിതാവു് എൻെറ നാമത്തിൽ അയയ്ക്കുന്ന പരിശുദ്ധാത്മാവായ പാറക്ലേത്താ നിങ്ങളെ കാര്യങ്ങളെല്ലാം പഠിപ്പിക്കും; ഞാൻ നിങ്ങളോടു പറയുന്ന കാര്യങ്ങൾ നിങ്ങളുടെ ഓർമ്മയിൽ കൊണ്ടുവരികയും ചെയ്യും'' (യോഹ. 14/26).

''ഈ സത്യാത്മാവു വരുമ്പോൾ അവിടന്നു സകല സത്യങ്ങളിലും നിങ്ങളെ നയിക്കും'' (യോഹ. 16/13).

ഒടുവിലത്തെ അത്താഴം കഴിഞ്ഞുള്ള സംഭാഷണവേളയിൽ ഗുരുനാഥൻ ഇങ്ങനെ ശിഷ്യന്മാരോടു് പറഞ്ഞിരുന്നു.

'പാറക്ലേത്താ' (ആശ്വാസപ്രദൻ, മധ്യസ്ഥൻ, സഹായി) എന്നും 'സത്യാത്മാവു്' എന്നും ഈശോ പേരു വിളിക്കുന്ന പരിശുദ്ധാരൂപിതന്നെയാണു 'പിതാവിൻെറ വാഗ്ദാനം'.

പരിശുദ്ധാത്മാവിലുള്ള മാമ്മോദീസാ

''ഏതാനും ദിവസങ്ങൾക്കശേഷം നിങ്ങൾ പരിശുദ്ധാത്മാവിൽ മാമ്മോദീസാ സ്വീകരിക്കും.... പരിശുദ്ധാത്മാവു് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. അപ്പോൾ, ജറുസലേമിലും യൂദയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികൾ ആകും'' (നട. 1/5–8).

സ്വർഗ്ഗാരോഹണത്തിനു മുമ്പു്, ഒലിവേത്തുമലയിൽവെച്ചു് ഈശോ ശിഷ്യന്മാരോടു പറഞ്ഞ വചനങ്ങളാണിവ.

ഗുരുനാഥന്റെ നിർദ്ദേശമനുസരിച്ചു് പരിശുദ്ധാരൂപിയിലുള്ള സ്നാനം സ്വീകരിക്കുവാൻ ശിഷ്യഗണം പ്രാർത്ഥിച്ചൊരുങ്ങി. സീയോൻ മാളികയായിരുന്നു അവരുടെ പ്രാർത്ഥനാലയം.

# ശ്ലീഹന്മാരുടെ പെന്തക്കുസ്താ

പെന്തക്കുസ്താ ദിവസം കാലത്തു് ഒമ്പതുമണിക്കു്, ആകാശത്തു നിന്നു കൊടുങ്കാററിൻേതുപോലെ ഒരു സ്വരം ഉണ്ടായി. ജപാലയം മുഴുവൻ അതുകൊണ്ടു നിറഞ്ഞു (നടപടി: 2).

അഗ്നിജ്വാലകൾ തങ്ങളുടെ ശിരസ്സിനു മുകളിൽ പ്രത്യക്ഷമായതു ശിഷ്യഗണം കണ്ടു. അവരെല്ലാവരും പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞു്, അജ്ഞാതമായ വിവിധ ഭാഷകളിൽ ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി പരിശുദ്ധാത്മാവു് ആ സമയത്തു് അവക്കു നൽകിയ ഒരത്ഭുതവരമായിരുന്നു അതു്.

പെന്തക്കുസ്താ തിരുനാളിൽ സംബന്ധിക്കുന്നതിനായി വിദേശങ്ങളിൽനിന്നു് ഒട്ടുവളരെ യഹൂദന്മാർ അന്നു ജറുസലേമിൽ വന്നുകൂടിയിരുന്നു. ആകാശത്തിൽ നിന്നുണ്ടായ സ്വരം കേട്ടു് അവർ സിയോനിൽ ഓടിക്കൂടി. ഗ്ലീലായരും അന്യഭാഷകൾ പഠിച്ചിട്ടില്ലാത്തവരുമായ ശിഷ്യന്മാർ, ദൈവം ചെയ്ത അത്ഭുതകരമായ പ്രവൃത്തികളെ, വിദേശികളുടെ മാതൃഭാഷകളിൽ പ്രകീർത്തിപ്പറയുന്നതു്അവർകേട്ടു. അവർ ആകെ വിസ്മയിച്ചുവശായി. (പരിശുദ്ധാത്മപ്രേരിയിൽ നിന്നു ഭാഷാവരം പ്രാപിക്കുന്നയാൾ തനിക്കറിയാൻ പാടില്ലാത്ത ഭാഷ അർത്ഥമറിയാതെ സംസാരിക്കുന്നു. ഇതിനാണു് മറുഭാഷയെന്നു പറയുന്നതു്.)

എന്നാൽ ഭാഷയൊന്നും മനസ്സിലാകാതിരുന്ന കേൾവിക്കാർ ശിഷ്യന്മാരെ കണക്കിനു പരിഹസിച്ചു. (മാതൃഭാഷയായ സുറിയാനി അല്ലാതെ മറെറാരു ഭാഷയും അറിയാൻ പാടില്ലാത്ത സ്വദേശികളായിരിക്കണം അതു്.)

''പുതിയ വീഞ്ഞു കുടിച്ചു ലഹരി പിടിച്ച് അതുമിതും പുലമ്പുകയാണ് ഇക്കൂട്ടർ'' എന്ന് അവർ അഭിപ്രായം പാസ്സാക്കി.

അപ്പോഴാണ് പത്രോസ്ശ്ലീഹാ സ്വരമുയർത്തി ജനക്കൂട്ടത്തോട് ആ 'മറുഭാഷാസംസാരം' എന്താണെന്നു വിശദമാക്കി ദീഘമായ പ്രസംഗം ചെയ്തതു്. ''എൻെറ ദാസന്മാരുടെ മേലും ദാസിമാരുടെമേലും എൻെറ ആത്മാവിനെ അവസാനദിവസങ്ങളിൽ ഞാൻ ചിന്തും'' എന്ന യോവേൽ ദീർഘദർശിയുടെ പ്രവചനമാണ് നിറവേറിയിരിക്കുന്നതു് എന്നു പത്രോസ് ചൂണ്ടിക്കാണിച്ചു. തുടന്നു്, ഈശോയുടെ അത്ഭുതകരമായ പരസ്യജീവിതം, കുരിശുമരണം, ഉയിപ്പ് എന്നിവയെക്കുറിച്ചു ദീഘവും ഉജ്ജ്വലവുമായ ഒരു വിവരണം അദ്ദേഹം നല്കി. ''ദൈവശക്തിയാൽ ഉയർത്തപ്പെട്ടുകയും പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വാഗ്ദാനം പിതാവിൽനിന്നു പ്രാപിക്കുകയും, ഇതാ നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്ന ഈ ദാനം ചിന്തുകയും ചെയ്യുന്നതു് ഈശോ ആകുന്നു........ആകയാൽ നിങ്ങൾ കുരിശിൽ തറച്ച ഈശോയെ ദൈവം നാഥനും മിശിഹായുമായി നിശ്ചയിച്ചിരിക്കുന്നു എന്ന് ഇസ്രായേൽ ഗോത്രം മുഴുവൻ അറിയട്ടെ''— ഇങ്ങനെയാണു പത്രോസ് പ്രസംഗം അവസാനിപ്പിച്ചതു്. (നടപടി. 2/33,36)

പരിശുദ്ധാത്മാവിൻെറ ശക്തിയോടുകൂടി പറഞ്ഞ ഈ വചനങ്ങൾ ശ്രോതാക്കളുടെ ഉള്ളിൽ തറഞ്ഞുകയറി ''സഹോദരന്മാരേ, ഞങ്ങൾ ഇനി എന്തു ചെയ്യേണ്ടു?'' എന്നവർ ചോദിച്ചു.

പത്രോസ് ഉത്തരം നൽകി: ''പരിശുദ്ധാത്മാവിനെ ലഭിക്കേണ്ടുന്നതിനായി നിങ്ങൾ പശ്ചാത്തപിച്ച് കർത്താവായ ഈശോയുടെ നാമത്തിൽ മാമ്മോദീസാ സ്വീകരിക്കുവിൻ'' (മത്താ. 28/19).

DEVASSY ... ACHARYA PALAI LIBRARY

അന്നു്, ഈശോയുടെ നിശ്ചയം പോലെ, 'പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ' മൂവായിരം യഹൂദന്മാർ മാമ്മോദീസാ സ്വീകരിച്ചു. വിളഞ്ഞുകിടന്ന വയലിലേക്കു് മൂർച്ചയുള്ള ഇരുമുനവാളുമായി ഗുരുനാഥൻ ഇറക്കിവിട്ട ശിഷ്യന്മാർ കൊയ്തെടുത്ത ആദ്യഫലങ്ങളായിരുന്നു 'ജലത്താലും പരിശുദ്ധാത്മാവിനാലും ജനിച്ച' ആ മൂവായിരം (യോ. 3/5).

## 2. ശമറായരുടെ പെന്തക്കുസ്താ

ഏഴു ശുശ്രൂഷികളിൽ ഒരുവനായ ഫീലിപ്പു് ശമറിയായിൽ പോയി സുവിശേഷം പ്രസംഗിച്ചു; അനേകം രോഗികളെ സുഖപ്പെടുത്തി; പലരിൽനിന്നു പിശാചുക്കളെ പുറത്താക്കി. ഈ അടയാളങ്ങൾ കണ്ടു വിശ്വസിച്ചു് വളരെപ്പേർ മാമ്മോദീസാ സ്വീകരിച്ചു. ഇക്കൂട്ടത്തിൽ കുപ്രസിദ്ധനായ ഒരു മന്ത്രവാദിയുമുണ്ടായിരുന്നു — മഹാമാന്ത്രികനായ ശീമോൻ. ഫീലിപ്പു പ്രവർത്തിച്ച അത്ഭുതങ്ങളാണു് ശീമോനെ ക്രിസ്തുമാർഗ്ഗത്തിലേക്കു ആകർഷിച്ചതു് (നടപടി. 8).

ശമറായർ ഒരു സങ്കരജാതിയാണു്. വടക്കൻ ഗോത്രക്കാരായ ഇസ്രായേൽക്കാരും വിദേശികളായ പുറജാതികളുംകൂടി കലർന്നുണ്ടായ മിശ്രജാതി. യഹൂദന്മാർ ശമറിയാക്കാരെ വളരെയധികം വെറുത്തിരുന്നു. പക്ഷേ, 'നിങ്ങൾ ശമറിയായിലും എനിക്കു സാക്ഷ്യം വഹിക്കും' എന്ന ഗുരുനാഥൻെറ വചനങ്ങൾ അനുസരിച്ചു് ഫീലിപ്പു് അവരെ സുവിശേഷം അറിയിച്ചു. അവർ മാമ്മോദീസാ സ്വീകരിച്ചു് സഭയുടെ സന്താനങ്ങളായി.

ഈ വാർത്തയറിഞ്ഞപ്പോൾ അന്നു ജറുസലേമിൽ പാർത്തിരുന്ന ശ്ലീഹന്മാർ വളരെ സന്തോഷിച്ചു. സഭാ

തലവനും താക്കോൽക്കാരനുമായ പത്രോസ് ശമറിയാവരെ പോയി ഈ പുതുക്രിസ്ത്യാനികൾക്ക് ഔദ്യോഗികമായി വാതിൽ തുറന്നുകൊടുത്ത് അവരെ ആഘോഷമായി സ്വീകരിച്ച 'പരിശുദ്ധാത്മാവിയുടെ ശക്തിയിൽ ഉറപ്പിക്കണമെന്നു'' ശ്ലീഹന്മാർ അഭിപ്രായപ്പെട്ടു.

ഇതനുസരിച്ച പത്രോസ് യോഹന്നാനുമൊരുമിച്ച ശമറിയായിലേക്കു പോയി. മാമ്മോദീസാ വഴി 'ജലത്താലും പരിശുദ്ധാത്മാവിനാലും' രണ്ടാമതൊരു ജന്മം പ്രാപിച്ച ആ ശമറായർ പരിശുദ്ധാത്മാവുകൊണ്ടു കൂടുതൽ നിറയുവാനായി പത്രോസും യോഹന്നാനും അവരുടെമേൽ കൈകൾവച്ച പ്രാർത്ഥിച്ചു. ആ ക്ഷണത്തിൽ അവക്കു 'പരിശുദ്ധാത്മാവിൻെറ അനുഭവം' ഉണ്ടായി. ഇതായിരുന്നു ശമറായരുടെ പെന്തക്കുസ്താ.

അന്നവിടെയുണ്ടായ അത്ഭുതകരമായ സംഭവങ്ങൾക്ക് – പരിശുദ്ധാത്മാവ് ശമറായക്കു കൊടുത്ത പ്രത്യേകദാനങ്ങൾക്ക്–സാക്ഷിയായിരുന്നു മന്ത്രവാദി ശീമോൻ. പിശാചുക്കളെ പുറത്താക്കുന്നതിനും രോഗശാന്തി കൊടുക്കുന്നതിനും ഫിലിപ്പിനുണ്ടായിരുന്ന 'പരിശുദ്ധാത്മാവിൻെറ ശക്തി' കണ്ടിട്ടാണല്ലൊ ശീമോൻ വിശ്വസിച്ച മാമ്മോദീസാ സ്വീകരിച്ചത്. എന്നാൽ ഇത്തവണ ശമറായക്കു കിട്ടിയ 'പരിശുദ്ധാത്മാവിൻെറ ദാനങ്ങളുടെ പ്രവാഹം' ശീമോനെ അത്ഭുതംകൊണ്ടു സ്തബ്ധനാക്കിക്കളഞ്ഞു. എന്തായിരുന്നു മുമ്പെങ്ങും കാണാഞ്ഞതും ഇപ്പോൾമാത്രം പ്രത്യക്ഷപ്പെട്ടതുമായ 'പ്രത്യേക ദാനം'?

'ശമറായരുടെ പെന്തക്കുസ്താ ദിനമായിരുന്നു' അത്. ശ്ലീഹന്മാരുടെ പെന്തക്കുസ്താദിവസം ഉണ്ടായ കൊടുങ്കാററിൻെറ സ്വരവും തീനാവുകളും അവിടെ പ്രത്യക്ഷപ്പെട്ടുവെന്നു നാം കരുതേണ്ടതില്ല. എന്നാൽ ആദിമ ക്രിസ്ത്യാനികൾ മാമ്മോദീസാ സ്വീകരിക്കുന്ന അ

വസരത്തിൽ പലപ്പോഴും സംഭവിച്ചിരുന്ന 'അത്ഭുതകരമായ അന്യഭാഷാവരത്തിൻെറ ആവിർഭാവം അവിടെയുണ്ടായി. ശ്ലീഹന്മാരുടെ കൈവപ്പു പ്രാർത്ഥനമൂലം ശമറായർ പരിശുദ്ധാത്മാവിൻെറ ശക്തികൊണ്ടു നിറഞ്ഞപ്പോഴാണു് അവർ അജ്ഞാതഭാഷകളിൽ ദൈവത്തെ സ്തുതിച്ചുപ്രാൎത്ഥിച്ചതു്.

ശീമോനു് ഈ ദാനം കിട്ടണമെന്നു മാത്രമല്ല ആഗ്രഹമുണ്ടായതു്. ഈ ദാനം കൊടുക്കുന്നതിനു ശ്ലീഹന്മാൎക്കു കഴിവുണ്ടല്ലൊ. അങ്ങനെ കൊടുക്കുന്നതിനുള്ള വരവുംകൂടി അയാൾക്കു കിട്ടണം. അതു കിട്ടിയാൽ പലൎക്കും ഭാഷാവരം വിലയ്ക്കു കൊടുക്കാം. പല മാന്ത്രികവിദ്യകളറിയാവുന്ന തനിക്കു് ഈ പുതിയ വരംകൂടി കിട്ടിയാൽ അതുകൊണ്ടു് എത്രമാത്രം പണം സമ്പാദിക്കാം എന്നയാൾ വിഭാവനം ചെയ്തു. ഈ വ്യാപാരത്തിൽ നല്ലൊരു തുക മുടക്കിയാലും നഷ്ടം വരികയില്ലല്ലൊ. ഒരു പണസഞ്ചിയുമായി മന്ത്രവാദി പത്രോസിനെ സമീപിച്ചു. ''ഞാൻ ആരുടെമേൽ കൈവച്ചു പ്രാൎത്ഥിക്കുമോ അവരും പരിശുദ്ധാത്മാവിനെ പ്രാപിക്കണം; അതിനുള്ള അധികാരം എനിക്കു തരണം. ഇതാ ഈ തുക സ്വീകരിച്ചാലും'' — ഇതായിരുന്നു മന്ത്രവാദിയുടെ അപേക്ഷ. പക്ഷെ, 'ദൈവത്തിൻെറ ദാനം കാശുകൊടുത്തു വാങ്ങാമെന്നുകരുതിയ നിൻെറ ധനം നിന്നോടുകൂടി നശിക്കട്ടെ' എന്ന ശാപമാണു ശീമോനു കിട്ടിയതു്.

പത്രോസും യോഹന്നാനും ശമറിയായിലെ അനേകം ഗ്രാമങ്ങളിൽ സുവിശേഷം പ്രസംഗിച്ചു് വളരെപ്പേരെ മാമ്മോദീസാ മുക്കി. അവിടെയെല്ലാം കൈവപ്പു പ്രാർത്ഥനയും 'പരിശുദ്ധാത്മാവിൻെറ അനുഭവ'വും ഉണ്ടായി എന്നു നമുക്കു കരുതാം.

## 3. വി. പൌലോസിൻെറ പെന്തക്കുസ്താ

ക്രിസ്തുശിഷ്യന്മാക്കു നേരിടേണ്ടിവന്ന ഉഗ്രനായ ശത്രുവായിരുന്നു താർസ്സൂസുകാരനായ ശാവോൽ. ഒരു ദിവസം ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാനായി അദ്ദേഹം ഡമാസ്ക്കസിലേക്കു പോവുകയായിരുന്നു. പട്ടണത്തെ സമീപിച്ചപ്പോഠം പെട്ടെന്നു് ആകാശത്തുനിന്നു് ഒരു വെളിച്ചം അദ്ദേഹത്തിൻെറമേൽ വീശി. താൻ പീഡിപ്പിച്ച നസ്രായൻ യേശുവിനെ ആ വെളിച്ചത്തിൽ അദ്ദേഹം കണ്ടു. അവർ തമ്മിൽ സംസാരിച്ചു. ആ കടുത്ത യൂദനെ ഈശോ മാനസാന്തരപ്പെടുത്തി (നടപടി. 9).

ഡമാസ്ക്കസിൽ ഹനനിയാ എന്നു പേരുള്ള സുകൃതിയായ ഒരു ക്രിസ്തുശിഷ്യൻ ഉണ്ടായിരുന്നു. ശാവോലിനെ മാമ്മോദീസാ മുക്കുന്നതിനു് ഈശോ അദ്ദേഹത്തെയാണു് നിശ്ചയിച്ചതു്.

ആകാശത്തിൽനിന്നു് തൻെറമേൽ പതിച്ച ഉഗ്രമായ വെളിച്ചം ശാവോലിനു് വലിയ ഉഠംക്കാഴ്ച കൊടുത്തുവെങ്കിലും കണ്ണുകളുടെ കാഴ്ച കെടുത്തിക്കളഞ്ഞു. ഈ അവസ്ഥയിൽ തപ്പിത്തടഞ്ഞു പട്ടണത്തിൽ പ്രവേശിച്ച് അദ്ദേഹം മൂന്നു ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചു. അപ്പോഴാണു് ഹനനിയാ അദ്ദേഹത്തിൻെറ പക്കൽ വന്നതു്.

''എൻെറ സഹോദരനായ ശാവോൽ, വഴിയിൽ വച്ചു നിനക്കു പ്രത്യക്ഷപ്പെട്ട നമ്മുടെ കർത്താവായ ഈശോ, നീ കാഴ്ച പ്രാപിക്കുന്നതിനും പരിശുദ്ധാത്മാവു കൊണ്ടു നിറയുന്നതിനുമായി എന്നെ നിൻെറ പക്കൽ അയച്ചിരിക്കുന്നു'' എന്നു പറഞ്ഞുകൊണ്ടു് ഹനനിയാ ശാവോലിൻെറമേൽ കൈവച്ചു പ്രത്ഥിച്ചു. തൽക്ഷണം

അദ്ദേഹത്തിൻെറ അന്ധത മാറി. അദ്ദേഹം എഴുന്നേററു മാമ്മോദീസാ സ്വീകരിച്ചു; പരിശുദ്ധാത്മാവു കൊണ്ടു നിറയുകയും ചെയ്തു.

ഇതായിരുന്നു വി. പൌലോസിൻെറ പെന്തക്കുസ്താ. പക്ഷെ അദ്ദേഹം അന്നു് അന്യഭാഷയിൽ പ്രാത്ഥിച്ച കാര്യമൊന്നും നടപടിപ്പുസ്തകം പറയുന്നില്ല. എന്നാൽ 'അന്യഭാഷാവരം ധാരാളം ഉണ്ടായിരുന്ന സ്വന്തം ശിഷ്യഗണമായ കോറിന്തിലെ ക്രിസ്ത്യാനികളോടു് 'നിങ്ങളെല്ലാവരെയുംകാൾ അധികമായി ഞാൻ മറുഭാഷയിൽ സംസാരിക്കുന്നതുകൊണ്ടു് ദൈവത്തിനു സ്തോത്രം ചെയ്യുന്നു എന്നു് അദ്ദേഹം പറയുന്നുണ്ടു്. എപ്പോൾ ആരംഭിച്ചതായാലും ഈ മറുഭാഷയിലുള്ള പ്രാർത്ഥന അദ്ദേഹത്തിൻെറ 'പരിശുദ്ധാത്മാവിലുള്ള അനുഭവ' ത്തിൽ പെട്ടതാണെന്നുള്ളതിനു യാതൊരു സംശയവുമില്ല (1 കോറി.14/18).

## 4. പുറജാതികളുടെ പെന്തക്കുസ്താ

ശ്ലീഹന്മാരുടെ കാലത്തു് ഇസ്രായേൽനാടിൻെറ മേൽക്കോയ്മ റോമ്മാ ചക്രവത്തിയ്ക്കായിരുന്നു. റോമിൽ നിന്നയയ്ക്കുന്ന ഗവണ്ണർ തുറമുഖപട്ടണമായ കേസറിയായിലാണു് താമസിച്ചിരുന്നതു്. നൂറു് ഇററാലിയൻ ഭടന്മാരുള്ള ഒരു പട്ടാളവകുപ്പു് അവിടെ പാളയമടിച്ചിരുന്നു. അവരും അവരുടെ അധിപനായിരുന്ന കൊർണേലിയൂസും പുറജാതിക്കാരായിരുന്നതുകൊണ്ടു് യഹൂദന്മാർ അവരെ തീരെ ഇഷ്ടപ്പെട്ടിരുന്നില്ല (നടപടി. 10).

നീതിമാനും ദൈവഭക്തനും ദാനശീലനുമായിരുന്നു കൊർണേലിയൂസ്. അയാളെപ്പോലെ ആയിരുന്നു അയാളുടെ കുടുംബം മുഴുവനും.

കൊർണേലിയൂസിനു് ഒരു ദൈവദൂതൻ പ്രത്യക്ഷ്യപ്പെട്ടു്, പത്രോസിനെ വീട്ടിൽ വിളിച്ചുവരുത്തി അദ്ദേഹത്തിൽനിന്നു സുവിശേഷം കേൾക്കണമെന്നു കല്പിച്ചു. പക്ഷെ യൂദനായ പത്രോസ് പുറജാതിക്കാരനായ കൊർണേലിയൂസിൻെറ വീട്ടിൽ വരുമോ? ദൈവം ഒരു ദർശനംവഴി പത്രോസിനു്അതിനു മനസ്സുവരുത്തി. മാത്രമല്ല കൊർണേലിയൂസയച്ച ആളുകൾ പത്രോസു താമസിച്ചിരുന്ന വീടിൻെറ പടിവാതില്ക്കൽ വന്നപ്പോൾ "നീ ഒന്നും സംശയിക്കാതെ ഇറങ്ങി അവരോടുകൂടി പോവുക. അവരെ അയച്ചതു ഞാനാണു്" എന്നു പരിശുദ്ധാത്മാവു് അദ്ദേഹത്തോടു പറയുകയും ചെയ്തു.

ഇതനുസരിച്ചു് ആറു യഹൂദക്രിസ്ത്യാനികളെയും കൂട്ടി പത്രോസ് കൊർണേലിയൂസിൻെറ വീട്ടിലേക്കു പോയി. ഗൃഹനാഥൻ ദൈവദൂതനെയെന്നപോലെ പത്രോസിനെ സ്വീകരിച്ചു് ദൈവത്തിൻെറ സന്ദേശം കേൾക്കുവാൻ അതിയായ ആഗ്രഹം പ്രകടിപ്പിച്ചു. കോർണേലിയൂസിൻെറ കുടുംബക്കാരായ സകലരും കുറെ സ്നേഹിതന്മാരും സമ്മേളിച്ചിരുന്ന ആ സദസ്സാണു് വിജാതീയരുടെ ലോകത്തിൽനിന്നു് ആദ്യമായി സുവിശേഷം കേട്ടതു്. ആദ്യമായി പുറജാതികളോടു ക്രിസ്തുമാർഗ്ഗം പ്രസംഗിച്ചതു് ക്രിസ്തുശിഷ്യന്മാരുടെ തലവനായ പത്രോസും.

'ദൈവം പരിശുദ്ധാത്മാവു കൊണ്ടും ശക്തികൊണ്ടും അഭിഷേകം ചെയ്ത' മിശിഹായുടെ കുരിശുമരണം, ഉയിർപ്പു്, മിശിഹായിലുള്ള വിശ്വാസം, എല്ലാവർക്കുമുള്ള പാപമോചനം എന്നീ വിഷയങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടു പത്രോസു ചെയ്ത പ്രസംഗം സദസ്യരെ ആഴമായി സ്പർശിച്ചു. അത്ഭുതം അല്ല, മഹാത്ഭുതം എന്നു പറ

യട്ടെ, പുറജാതിക്കാരായ അവരെല്ലാവരുടെയും മേൽ പരിശുദ്ധാത്മാവു വന്നു വസിച്ചു!!

പരിശുദ്ധാത്മാവിൻെറ ദാനം പുറജാതികളുടെമേൽ ചിന്തുന്നതു കണ്ടപ്പോൾ പത്രോസിനോടുകൂടി ഈ മഹാ സംഭവത്തിനു സാക്ഷികളായ യഹൂദക്രിസ്ത്യാനികൾ പരിഭ്രമിച്ചുവശായി.

എന്തു കണ്ടിട്ടാണു് അവർ അത്ഭുതപ്പെട്ടതു്? സീയോൻ മാളികയിൽ വച്ചു ശ്ലീഹന്മാർക്കും മററും കിട്ടിയ അന്യഭാഷാവരം അവിടെയും പ്രത്യക്ഷപ്പെട്ടതാണു് അതിനു കാരണം. ആ പുറജാതിക്കാരുടെ സംഘം മറുഭാഷയിൽ പ്രാത്ഥിച്ചു ദൈവത്തെ മഹത്വപ്പെടുത്തി.

''വെള്ളം കൊണ്ടുള്ള മാമ്മോദീസാ'' ഇനി ഇവക്കു കൊടുക്കാതിരിക്കുവാൻ ആക്കു കഴിയും? ഇവർ പരിശുദ്ധാത്മാവിനെ പ്രാപിച്ചു കഴിഞ്ഞുവല്ലോ'' എന്നു പറഞ്ഞുകൊണ്ടു മാമ്മോദീസാ കൊടുത്തു് പത്രോസ് അവരെ സഭയിൽ സ്വീകരിച്ചു.

എന്നാൽ മിശിഹാ വഴിയുള്ള രക്ഷ യൂദജാതിക്കു മാത്രമുള്ളതാണെന്നു ബാല്യം മുതൽ കേട്ടു് ആ വിചാരത്തിൽ ഉറച്ചുപോയ ജറുസലേമിലെ ക്രിസ്ത്യാനികൾക്കു് പത്രോസിൻെറ മിഷൻ പ്രവത്തനം അശേഷം ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിനു് അവരോടു സമാധാനം പറയേണ്ടി വന്നു. പത്രോസ് ഏതായാലും തക്കിച്ചില്ല; ഉണ്ടായ സംഭവങ്ങൾ ആറുപേരുടെ സാക്ഷിസഹിതം അവരുടെ മുമ്പിൽ നിരത്തിവച്ചു. എല്ലാം പറഞ്ഞുകഴിഞ്ഞു് 'ആകയാൽ നമ്മുടെ കത്താവീശോമിശിഹായിൽ വിശ്വസിച്ച പുറജാതികൾക്കും നമുക്കെന്നപോലെ പരിശുദ്ധാത്മാവിൻെറ ദാനം ദൈവം നല്കിയെങ്കിൽ അവിടത്തെ മുടക്കുന്നതിനു ഞാനാരു്?' എന്നു പത്രോസു ചോദിച്ചപ്പോൾ മറുപടി പറയുവാൻ ആരും ഉണ്ടായില്ല. മാത്രമല്ല, 'നിത്യ

'ജീവൻ പ്രാപിക്കുന്നതിനുള്ള അനുതാപം ദൈവം പുറജാതികാംക്കും നൽകിയല്ലൊ' എന്നുപറഞ്ഞു് അവിടത്തെ അവർ സ്തുതിക്കുകയും ചെയ്തു.

## 5. എഫേസിയരുടെ പെന്തക്കുസ്ത

വി. പൗലോസു് സുവിശേഷം പ്രസംഗിക്കുന്നതിനു് എഫേസൂസിൽ വന്നപ്പോാം നേരത്തെ ക്രിസ്തുമാർഗ്ഗം സ്വീകരിച്ച ഏതാനും ആളുകളെ കണ്ടു. നിങ്ങാം സത്യവിശ്വാസം സ്വീകരിച്ചതിനുശേഷം പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്ന ശ്ലീഹായുടെ ചോദ്യത്തിനു് ''പരിശുദ്ധാത്മാവോ? അങ്ങനെ ഒരു പരിശുദ്ധാത്മാവുള്ളകാര്യം പോലും ഞങ്ങാം കേട്ടിട്ടില്ല'' എന്നായിരുന്നു അവരുടെ മറുപടി. ''നിങ്ങാം ഏതു മാമ്മോദീസായാണു് സ്വീകരിച്ചതു്?'' എന്നു് അദ്ദേഹം തുടന്നു ചോദിച്ചു. ഈശോയുടെ മാമ്മോദീസാ, അതായതു് പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിലുള്ള മാമ്മോദീസാ തങ്ങാം സ്വീകരിച്ചിട്ടില്ലെന്നും യോഹന്നാൻ കൊടുത്ത 'സ്നാനകമ്മം' മാത്രമേ കിട്ടീട്ടുള്ളു എന്നും സമ്മതിച്ചു പറയുവാൻ അവർ മടിച്ചില്ല (നടപടി. 19).

പിന്നീടു് 'ജലത്താലും പരിശുദ്ധാത്മാവിനാലും' ഉള്ള ക്രിസ്തീയ ജ്ഞാനസ്നാനത്തെപ്പററി പഠിച്ചശേഷം പൗലോസ് അവക്കു മാമ്മോദീസാ കൊടുത്തു. അദ്ദേഹം അവരുടെ മേൽ കൈവച്ചു പ്രാത്ഥിച്ചപ്പോാം പരിശുദ്ധാത്മാവു് അവരുടെ മേൽ വന്നു; അവർ പല ഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു.

## ചാൾസു് പാർഹാമിൻെറയും കൂട്ടരുടെയും പെന്തക്കുസ്താ

'അസ്സൽ പെന്തക്കോസ്തലിസ'ത്തിൻെറ ഉത്ഭവം അമേരിക്കായിലാണു്. കാലം A. D. 1900. നവവത്സ

രദിനത്തിൻെറ തലേന്നാശം. ചാരംസ് പാർഹാം എന്നു പേരുള്ള ഒരു മെത്തോഡിസ്ററു മിനിസ്റ്ററും ഏതാനും ബൈബിരം വിദ്യാത്ഥികളും ഒരുമിച്ചുകൂടി കാലത്തു് ഏഴമണിമുതൽ വൈകിട്ടു് ഏഴമണിവരെ 'പരിശുദ്ധാത്മാവിൽനിന്നു ശക്തി' കിട്ടുന്നതിനുവേണ്ടി പ്രാത്ഥിച്ചു. അജപാലനവൃത്തിയിൽ പരിശുദ്ധാരൂപിയുടെ ശക്തി അനുഭവപ്പെടാത്തതുകൊണ്ടു് വളരെ ക്ലേശിച്ച ഒരു പാസ്റ്റർ ആയിരുന്നു പാർഹാം. അദ്ദേഹം വളരെ നാളായി ഈ 'മുകളിൽനിന്നുള്ള ശക്തി'ക്കായി പ്രാത്ഥിച്ചുപോന്നു. ഏതായാലും നവവത്സരദിനത്തിലെ ദീർഘമായ പ്രാത്ഥനകൊണ്ടും ഫലം കിട്ടിയില്ല. എല്ലാവരും ഇച്ഛാഭംഗപ്പെട്ടു് അങ്ങുമിങ്ങും മാറിയിരുന്നു. അപ്പോഴാണു് ആ പ്രാത്ഥനാസംഘത്തിലെ അംഗമായ ആഗ്നസ് ഓസ്മാൻ എന്ന വിദ്യാത്ഥിനിക്കു് ഒരു ഭൂതോദയം ഉണ്ടായതു്. അവരം ഓടി പാർഹാമിൻെറ അടുക്കൽ ചെന്നു പറഞ്ഞു:—''മിനിസ്റ്ററേ, 'കൈവച്ചു പ്രാത്ഥിച്ചപ്പോരം' പരിശുദ്ധാത്മാവിനെ പ്രാപിച്ചു'' എന്നു ബൈബിളിൽ കാണുന്നുണ്ടല്ലൊ. 'മിനിസ്റ്റർ എൻെറ തലയിൽ കൈവച്ചു പ്രാത്ഥിക്കു'. പാർഹാം അങ്ങനെ പ്രാത്ഥിച്ചു. അപ്പോരം ആഗ്നസിനു് പരിശുദ്ധാത്മാവിൻെറ ശക്തി തന്നിലേക്കു പ്രവഹിക്കുന്നതായി അനുഭവപ്പെട്ടു. അവർക്കെന്നല്ല അവിടെ ഉണ്ടായിരുന്നവരിൽ ആക്കും മനസ്സിലാകാത്ത ഏതോ ഭാഷയിൽ ദൈവത്തിനു സ്തോത്രം ചെയ്യുതായിരുന്നു ആഗ്നസിനുണ്ടായ അനുഭവത്തിൻെറ പ്രത്യക്ഷലക്ഷ്യം.

ആദിമ ക്രിസ്ത്യാനികരം പരിശുദ്ധാത്മാവിനെ പ്രാപിച്ച അവസരങ്ങളിൽ, മറുഭാഷാവരം പ്രത്യക്ഷപ്പെട്ടവസ്തുത ശ്ലീഹന്മാരുടെ നടപടിപ്പുസ്തകത്തിൽ പലപ്രാവശ്യം രേഖപ്പെടുത്തിയിട്ടുണ്ടു്. പരിശുദ്ധത്മാവിനു

വേണ്ടിപ്രാർത്ഥിച്ച പാർഹാമും കൂട്ടരുംതങ്ങൾക്ക് ഈ മഹാദാനം ദൈവം തരുന്നു എന്നതിനു് അടയാളമായി ഭാഷാവരവുംകൂടെ തരണമെന്നു പ്രാർത്ഥിച്ചിരുന്നു. ആഗ്രഹംപോലെ ഈ അടയാളം കിട്ടിയപ്പോൾ അവർ ആനന്ദഭരിതരായി. തുടന്നു്, എല്ലാവരുംതന്നെ കൈവെപ്പു പ്രാർത്ഥനവഴി അരൂപിയുടെ ശക്തിയും അന്യഭാഷാവരവും പ്രാപിച്ചു. അയൽപ്രദേശങ്ങളിലുള്ള ചില മിനിസ്റ്റർമാരും വിശ്വാസികളും ഈ 'പെന്തക്കോസ്റ്റുകളുടെ മാർഗ്ഗം' സ്വീകരിച്ചതോടെ ചുററുമുള്ള ലോകത്തിൽനിന്നു് വിചിത്രമായ പ്രതികരണങ്ങൾ ഉണ്ടാകാൻ തുടങ്ങി.

മെത്തോഡിസ്റ്റ് (പ്രോട്ടസ്റ്റൻറ്) സഭാംഗങ്ങളായിരുന്നു പാർഹാമും കൂട്ടരും. അവരുടെ പുതിയ ഭക്തിമാർഗ്ഗം മാതൃസഭക്കാർക്ക രസിച്ചില്ല. ആക്കും മനസ്സിലാകാത്ത മറുഭാഷാസംസാരമാണു് തീർത്തും അസഹ്യമായി പാരമ്പര്യപ്രേമികൾക്ക തോന്നിയതു്. അവർ പുതിയ പാർട്ടിയെ പുറംതള്ളി,പരിഹസിച്ചു, പീഡിപ്പിച്ചു. 'പെന്തക്കോസ്റ്റുകാർ' അതെല്ലാം ക്രിസ്തീയമായി സഹിച്ചതായിരുന്നു അവരുടെ വിജയം. അവർ വീടുകളിലും സ്വന്തമായി ഉണ്ടാക്കിയ ജപാലയങ്ങളിലും ഒരുമിച്ചുകൂടി 'പ്രാർത്ഥനയിൽ സ്ഥിരപ്പെട്ടിരുന്നു'. അവരുടെ ഇടയിൽ പ്രാർത്ഥിച്ചരോഗശാന്തി കൊടുക്കുന്നവരും ഉണ്ടായി.

ഇന്നു്, ഇമ്മാതിരി 'അസ്സൽ പെന്തേക്കാസ്തുകാർ' ഉദ്ദേശം ഒരുകോടി മുപ്പതുലക്ഷത്തോളം വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

## പ്രോട്ടസ്റ്റൻറ് സഭകളിൽ പെന്തക്കോസ്തലിസം

പെന്തക്കോസ്തുകളെ പുറംതള്ളിയ അന്തസ്സുള്ള സകല പ്രോട്ടസ്റ്റൻറുസഭകളിലും 56 കൊല്ലത്തിനു ശേഷം

'പെന്തക്കോസ്തലിസം' പ്രത്യക്ഷപ്പെട്ടു തുടങ്ങി. ആംഗ്ലിക്കൻ, ലൂതർ, ബാപ്റ്റിസ്റ്റ്, മെത്തോഡിസ്റ്റ്, പ്രെസ്ബിറ്റീരിയൻ തുടങ്ങിയ സഭകളിലെല്ലാം ഇന്നു് പെന്തക്കോസ്തലിസം പടന്നു പിടിച്ചിട്ടുണ്ടു്. ആദ്ധ്യാത്മിക നവീകരണത്തിനു് ഈ പ്രസ്ഥാനം വളരെ സഹായകമാണെന്നു് പ്രസ്തുത സഭകളിലെ നേതാക്കന്മാർ പുറപ്പെടുവിക്കുന്ന പ്രസ്താവനകളിൽ കാണാം.

## കത്തോലിക്കാ സഭയിൽ 'ഒരു പുതിയ പെന്തക്കുസ്താ'

'പിതാവായ ദൈവമേ, ഒരു പുതിയ പെന്തക്കുസ്തായിലെന്നപോലെ അങ്ങയുടെ അത്ഭുതങ്ങൾ ഞങ്ങളുടെ ഇടയിൽ നവീകരിക്കണമെ' എന്നു് ജോൺ മാർപ്പാപ്പാ, വത്തിക്കാൻ സൂനഹദോസു വിളിച്ചുകൂട്ടിയ അവസരത്തിൽ പ്രാർത്ഥിക്കുകയുണ്ടായി. ആ പ്രാർത്ഥന ഫലവത്താവുകതന്നെ ചെയ്തു. 'പെന്തക്കുസ്തായിലെ കൊടുങ്കാററിൻെറ സ്വരം' സൂനഹദോസിൽ മുഴങ്ങി. ''പരിശുദ്ധാത്മാവിയുടെ പ്രത്യേകവരങ്ങൾ (സിദ്ധികൾ) തിരുസ്സഭയുടെ ആരംഭകാലത്തു് ആവശ്യമായിരുന്നു; എന്നാൽ സഭ വിജയശ്രീലാളിതയായിത്തീന്നിരിക്കുന്ന ഇക്കാലത്തു് അവയുടെ പ്രവത്തനം ആവശ്യമുള്ളതല്ല'' എന്നു് ദൈവശാസ്ത്രജ്ഞനായ ഒരു കാഡിനൽ സൂനഹദോസിൽ പ്രസ്താവിച്ചു. അന്നു രാത്രിതന്നെ വേറൊരു കാഡിനൽ (കാർഡിനൽ സൂനൻസ്) ഏതാനും ദൈവശാസ്ത്രജ്ഞന്മാരെ തൻെറ വസതിയിൽ വിളിച്ചുകൂട്ടി മുൻപറഞ്ഞ പ്രസ്താവനയെക്കുറിച്ചു് ആലോചിക്കുകയുണ്ടായി. ''പ്രത്യേകവരങ്ങളുടെ പ്രവത്തനം സഭയുടെ ആരംഭദശയിൽ ആവശ്യമായിരുന്നെങ്കിൽ, ഇന്നു് അതിനെക്കാൾ കൂടു

ത്തൽ ആവശ്യമാണെ' 'ന്നായിരുന്നു ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. അടുത്തദിവസം ഇതേ ആശയം ആസ്പദമാക്കി കാർഡിനൽ സൂനൻസ് ഒരു പ്രബന്ധം സൂനഹദോസിൽ സമർപ്പിച്ചു. ഈ പ്രബന്ധത്തിൻേറയും തുടർന്നുണ്ടായ ആലോചനകളുടെയും ഫലമായി 'ഇന്നത്തെ വിശ്വാസികൾക്കു പരിശുദ്ധാത്മാവിൻെറ പ്രത്യേകവരങ്ങളും ആവശ്യമാണെന്നു്' സൂനഹദോസ് പ്രഖ്യാപിക്കുവാൻ ഇടയായി.

(തിരുസ്സഭയെക്കുറിച്ചുള്ള പ്രമാണരേഖ, 12)

വത്തിക്കാൻ സൂനഹദോസിൻെറ പ്രമാണരേഖകൾ പുറത്തുവന്നപ്പോൾ തങ്ങൾ അവയനുസരിച്ച് ക്രിസ്തീയ ജീവിതം അതിൻെറ പൂർണ്ണതയിൽ നയിക്കുമെന്നു് അമേരിക്കയിൽ പിററ്സ്ബർഗ്ഗ് കത്തോലിക്കാ സർവ്വകലാശാലയിലെ ചില പ്രൊഫസ്സർമാരും വിദ്യാർത്ഥികളും ഒരു തീരുമാനമെടുത്തു. പ്രാർത്ഥനയിലും ക്രിസ്തീയമായ പ്രവർത്തനങ്ങളിലും അവക്കു് അഭിവൃദ്ധിയുണ്ടായി. രണ്ടു കൊല്ലം ഇങ്ങനെ കഴിഞ്ഞു. ''നാം ഇത്ര തീക്ഷ്ണമായി ജീവിച്ചിട്ടും പാസ്റ്റർ ഡേവിഡ് വിൽക്കർസൺ തുടങ്ങിയ പെന്തക്കോസ്തുകാർക്കുള്ള മാതിരി 'പരിശുദ്ധാത്മാവിൻെറ ശക്തി' നമുക്കെന്താണു കിട്ടാത്തതു്?'' എന്നു അവർ പരസ്പരം ചോദിക്കുവാൻ തുടങ്ങി. (ന്യൂയോർക്കിലെ കവർച്ചക്കാരും മദ്യപാനികളും മുട്ടാളരുമായ അനേകം യുവാക്കളെ നേരിട്ടു മാനസാന്തരപ്പെടുത്തിയ ആളാണു് പാസ്ററർ ഡേവിഡ്).

ഒടുവിൽ, പെന്തക്കോസ്തുകാരുടെ ആത്മീയചൈതന്യത്തിൻെറ ഉറവിടമെന്തെന്നു കണ്ടുപിടിക്കുവാൻ നമ്മുടെ കത്തോലിക്കായുവാക്കന്മാർ നിശ്ചയിച്ചു. അവർ ഒരു പെന്തക്കോസ്തൽ പ്രാർത്ഥനായോഗത്തിൽ പോയി. ആ യോഗത്തിൽ സംബന്ധിച്ചിരുന്നവരുടെ ആത്മാർത്ഥ

വും തീക്ഷ്ണവും എന്നാൽ ആനന്ദഭരിതവും ആയ പ്രാർത്ഥനാരീതി കണ്ടപ്പോഠം 'നിങ്ങഠം ഞങ്ങഠംക്കു വേണ്ടി പ്രാർത്ഥിക്കണം' എന്നു വിളിച്ചുപറയുവാൻ അവക്കുതോന്നി. പ്രാർത്ഥിച്ചുകൊണ്ടിരുന്ന പലരും തൽക്ഷണം എഴുന്നേററുവന്നു് ആ രണ്ടുപേരുടെ ചുററുമായി നിന്നു് അവരുടെമേൽ കൈവച്ചു പ്രാർത്ഥിച്ചു. പരിശുദ്ധാത്മാവിൻെറ ശക്തി തങ്ങളിലേക്കു പ്രവഹിക്കുന്ന അനുഭവം അപ്പോഠം അവക്കുണ്ടായി. ഏതോ മറുഭാഷയിൽ പ്രാർത്ഥിച്ചു് അവർ ദൈവത്തെ സ്തുതിക്കുകയും ചെയ്തു.

പ്രോട്ടസ്റ്റൻറു പെന്തക്കോസ്തുകാരുടെ കൈവയ്പു പ്രാർത്ഥനവഴി പരിശുദ്ധാത്മാവിയുടെ ശക്തി സ്വീകരിച്ച ഈ രണ്ടു കത്തോലിക്കർ തങ്ങളുടെ സ്വന്തം പ്രാർത്ഥനാസമൂഹത്തിലെ അംഗങ്ങളുടെമേൽ കൈവച്ചു പ്രാർത്ഥന നടത്തി. അവക്കും അരൂപിയുടെ അനുഭവം ഉണ്ടായി.

ക്രമേണ, പിററ്സ്ബഗ്ഗ് സവ്വകലാശാലയിൽ നിന്നു് അമേരിക്കയിൽ ആകമാനം 'കാത്തലിക്ക് പെന്തക്കോസ്തലിസം' പ്രചരിച്ചു. 'കരിസ്മാററിക്ക്നവീകരണപ്രസ്ഥാനം' എന്ന പേരാണു് കത്തോലിക്കർ കൂടുതൽ ഇഷ്ടപ്പെടുന്നതു്.

('കരിസ്മാ'യുള്ളതു് 'കരിസ്മാററിക്കു്.' 'കരിസ്മാ' എന്ന ഗ്രീക്കു പദത്തിനു് സൌജന്യദാനം, പ്രത്യേകവരം, സിദ്ധി എന്നത്ഥം.)

## സഭാധികാരികളും കരിസ്മാററിക്കു് പ്രസ്ഥാനവും

അകത്തോലിക്കരെ അനുകരിച്ചു്, അൽമായരുടെ പ്രസ്ഥാനമായി ആരംഭിച്ചതുകൊണ്ടു് വൈദികാദ്ധ്യക്ഷന്മാർ സംശയബുദ്ധിയോടെയാണു് ആദ്യം ഇതിനെ വീ

ക്ഷിച്ചതു്. എന്നാൽ ഈ പ്രസ്ഥാനത്തിൽനിന്നു നന്മയല്ലാതെ മററൊന്നും വരുന്നില്ലെന്നു കണ്ടപ്പോഠം ദൈവത്തിൻെറകരം ഇതിൻെറ പിന്നിലുണ്ടെന്നു് അവർ ഗ്രഹിച്ചു് വേണ്ട പ്രോത്സാഹനംനൽകി. വൈദികരും സന്യാസിനികളും പ്രാത്ഥനായോഗങ്ങളിൽ ധാരാളമായി സംബന്ധിക്കുവാനും തുടങ്ങി. പ്രസ്ഥാനം യൂറോപ്പിലേക്കും വ്യാപിച്ചു. ഈയിടെ പോഠം മാർപ്പാപ്പായും കാഡിനൽ സൂനൻസ് തുടങ്ങിയ പ്രസിദ്ധന്മാരായ വൈദികശ്രേഷ്ഠന്മാരും ഇതിനെ വളരെയധികം പ്രേത്സാഹിപ്പിച്ചിട്ടുണ്ടു്. 1975–ൽ റോമിൽവച്ചുനടന്ന 'കരിസ്മാററിക്കു നവീകരണത്തി'ൻെറ അന്തർദ്ദേശീയ കോൺഫ്രൻസിൽ 60 രാജ്യങ്ങളിൽ നിന്നായി പതിനായിരം അംഗങ്ങളെ വിളിച്ചുകൂട്ടുന്നതിനു് ഈ പ്രസ്ഥാനത്തിനു സാധിച്ചു. ഇന്നു് ഇതിനോടു ബന്ധപ്പെട്ടവരായി എട്ടു ലക്ഷത്തിലധികം കത്തോലിക്കരുണ്ടെന്നു കണക്കാക്കപ്പെട്ടിട്ടുണ്ടു്.

## കരിസ്മാററിക്കു് പ്രസ്ഥാനം നമ്മുടെ നാട്ടിൽ

നാലുകൊല്ലം മുമ്പു് ബോംബയിൽ കരിസ്മാററിക്കു പ്രാത്ഥനായോഗങ്ങഠം രൂപമെടുക്കുവാൻ തുടങ്ങി. ഇന്നു് അഖിലഭാരത കരിസ്മാററിക്കു പ്രസ്ഥാനത്തിൻെറ നേതാക്കന്മാരായി പരിലസിക്കുന്നവരെല്ലാംതന്നെ ബോംബയിലെ പ്രാത്ഥനായോഗങ്ങഠംവഴി വളന്നവരാണു്.

1976–ലാണു് കരിസ്മാററിക്കു പ്രസ്ഥാനം സാഘോഷം കേരളത്തിൽ കയറിവന്നതു്. അനേകംപേർ– മുഖ്യമായി വൈദികരും സന്യാസിനികളും – കരിസ്മാററിക്കു ധ്യാനങ്ങളിൽ സംബന്ധിച്ചു് 'പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞവരായി'തീന്നിരിക്കുന്നു. ഇവർ കേരള

കരിസ്മാററിക്ക പ്രസ്ഥാനത്തിൻെറ നേതൃത്വം ഏറെറടുത്തു് ധ്യാനങ്ങളും സ്റ്റഡിക്ലാസ്സുകളും പ്രാർത്ഥനായോഗങ്ങളും സംഘടിപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ടു്.

## പരിശുദ്ധാത്മാവിൻെറ ദാനങ്ങളും ഫലങ്ങളും

പ്രസാദവരം എന്നു നാം വിളിക്കുന്ന നിത്യജീവൻ ആണു് അടിസ്ഥാനപരമായി 'പരിശുദ്ധാത്മാവിൻെറ ദാനം'. നാം ശിശുക്കളായിരുന്നപ്പോഠം 'ജലത്താലും പരിശുദ്ധാത്മാവിനാലും' സ്വീകരിച്ച മാമ്മോദീസാ വഴി പ്രസാദവരമെന്ന മഹാദാനം നമുക്കു കിട്ടി. അതോടുകൂടി വിശ്വാസം, ശരണം, ഉപവി എന്ന ദൈവിക പുണ്യങ്ങളും ബീജാവസ്ഥയിൽ നമുക്കു ലഭിച്ചു.

## പരിശുദ്ധാത്മാവിൻെറ ഏഴു ദാനങ്ങൾ

**ജ്ഞാനം** — ആത്മീയ കാര്യങ്ങളിലുള്ള അഭിരുചിയാണിതു്. ഈ ദാനം ധാരാളമായി ലഭിക്കുമ്പോഠം പ്രാർത്ഥനയിലും വേദപുസ്തക വായനയിലും ആസക്തിയുണ്ടാവുന്നു (ഏശയ്യാ. 11/2).

**ഗ്രഹണശക്തി** — ദൈവവചനത്തിൻെയും മതപരമായ തത്വങ്ങളുടെയും ആന്തരാർത്ഥം ശരിയായി ഗ്രഹിക്കുവാൻ കഴിവു തരുന്നതു് ഈ ദാനമാണു്.

**അറിവു്** — ആദ്ധ്യാത്മികമായ ലക്ഷ്യം മുൻനിറുത്തി ലൌകികമായ കാര്യങ്ങളെ വിലയിരുത്തുന്നതിനുള്ള കഴിവാണിതു്.

**ആലോചന** — തെററു കൂടാതെ, നിസ്സംശയം, എളുപ്പത്തിൽ തീരുമാനം എടുക്കുന്നതിനുള്ള കഴിവാണ് ഈ ദാനം.

**ധീരത** — മനസ്സാക്ഷിയുടെ പ്രേരണയനുസരിച്ച് നിർഭയം സംസാരിക്കുവാനും പ്രവത്തിക്കുവാനും ഉള്ള ശക്തി.

**ഭക്തി** — ദൈവത്തെ സ്നേഹമുള്ള പിതാവായി കാണുന്നതിനും അനുഭവിക്കുന്നതിനും കഴിവു തരുന്ന ദാനമാണ് ഭക്തി. ദൈവത്തെ 'അബ്ബാ, ഞങ്ങളുടെ പിതാവേ' എന്നു സ്നേഹപൂവ്വം വിളിക്കുന്നതു് ഈ ദാനം ശക്തി പ്രാപിക്കുമ്പോഴാണ്.

**ദൈവഭയം**—വല്ല കാരണവശാലും ദൈവത്തിനു് അപ്രീതികരമായി എന്തെങ്കിലും ചെയ്തുപോകുമോ എന്നിങ്ങനെ ദൈവസ്നേഹത്തിൽനിന്നു ജനിക്കുന്ന ഭയം.

ഈ ഏഴുദാനങ്ങളും നമുക്കു മാമ്മോദീസായിൽ കിട്ടും. പക്ഷെ ബീജാവസ്ഥയിൽ മാത്രമാണ്. ബുദ്ധിയുടെ പ്രയോഗം തുടങ്ങുമ്പോൾമുതൽ സൽപ്രവത്തികളും കൂദാശകളുംവഴി ഈ ദാനങ്ങൾ വർദ്ധിക്കുന്നു. ഇങ്ങനെ വദ്ധിക്കുമ്പോഴാണ് പരിശുദ്ധാത്മാവിൻെറ ഫലങ്ങൾ നമ്മിലുണ്ടാകുന്നതു്.

## പരിശുദ്ധാത്മാവിൻെറ ഫലങ്ങൾ
(ഗാല. 5/22)

സ്നേഹം, സന്തോഷം, സമാധാനം, കരുണ, ക്ഷമ, ഉദാരത, വിശ്വസ്തത, സൌമ്യത, ആത്മസംയമനം എന്നിവയാണ് പ്രധാനപ്പെട്ട ഫലങ്ങൾ. ഇതിൽ ഏററം മികച്ചതു സ്നേഹംതന്നെ. സ്നേഹം വളരുമ്പോൾ മററു ഫലങ്ങളെല്ലാം അതിനോടൊപ്പം പ്രത്യക്ഷപ്പെട്ടുകൊള്ളും.

## പരിശുദ്ധാത്മാവിൻെറ പ്രത്യേക വരങ്ങൾ
(1 കൊറി. 12/8–10; 28–30)

**ജ്ഞാനത്തിൻെറ വചനം**— ഈശോ പ്രീശന്മാർക്കും നിയമജ്ഞന്മാർക്കും കൊടുത്ത മറുപടികൾ പോലെ

യുള്ള വചനങ്ങാം പറയുവാനുള്ള കഴിവു്. ഉദാ. കുററമി ല്ലാത്തവൻ കല്ലെറിയട്ടെ; സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കുക.

**അറിവിൻെറ വചനം** — അന്യരുടെ അന്തർഗ തം മനസ്സിലാക്കി സംസാരിക്കുവാനുള്ള കഴിവു്.

**വിശ്വാസം** — കർത്താവു തൻെറ വാഗ്ദാനങ്ങാം അനുസരിച്ചു നമ്മോടു പ്രവർത്തിക്കുമെന്നു നിസ്സംശയം തോന്നുന്ന ഉറപ്പു്.

**രോഗശാന്തിവരം** — ആത്മീയവും ശാരീരികവും ആയ രോഗശാന്തി കൊടുക്കുന്നതിനുള്ള കഴിവു്.

**അത്ഭുതപ്രവർത്തനം** — അത്ഭുതങ്ങാം പ്രവർത്തി ക്കുന്നതിനും പിശാചുക്കളെ പുറത്താക്കുന്നതിനുമുള്ള കഴിവു്.

**പ്രവചനവരം** — മററുള്ളവരുടെ ആത്മീയോപ കാരത്തിനുവേണ്ടി ദൈവത്തിൻെറ സന്ദേശം സജീവ മായി നൽകുന്നതിനുള്ള കഴിവു്.

ഭാവികാര്യങ്ങളെക്കുറിച്ചു വിശ്വാസികാംക്കു് അറി യിച്ചു കൊടുക്കുവാനുള്ള ദീർഘദർശനവരവും ഇതിൽ ഉാംപ്പെടുന്നു.

**അരൂപികളുടെ വിവേചനാവരം** — ഒരു പ്രവ ത്തനം ഏതു ചൈതന്യത്താലാണു നിയന്ത്രിക്കപ്പെടുന്ന തു് എന്നു വിവേചിച്ചറിയുന്നതിനുള്ള വരം. ദൈവാരൂ പി, ലോകാരൂപി, ദുഷ്ടാരൂപി എന്നിതെല്ലാം മനുഷ്യമ നസ്സിനെ സ്വാധീനിക്കാറുള്ളതാണല്ലൊ. ദുഷ്ടാരൂപി ദൈവദൂതൻെറ വേഷമണിയുന്ന സന്ദർഭങ്ങളും ദുർല്ലഭമല്ല.

**അന്യഭാഷാവരം** — സംസാരിക്കുന്ന ആളിനു് അ ജ്ഞാതമായ ഭാഷയിൽ പ്രാർത്ഥിക്കുന്നതിനോ പ്രവചി ക്കുന്നതിനോ കിട്ടുന്ന വരം.

**ഭാഷകളുടെ വ്യാഖ്യാനവരം** — പ്രാർത്ഥനായോഗത്തിൽവച്ച് ആരെങ്കിലും മറുഭാഷയിൽ പറയുന്ന പ്രവചനം വ്യാഖ്യാനിക്കുന്നതിനു കിട്ടുന്ന വരം.

**നേതൃത്വത്തിനുള്ള വരം** — ഈ വരം കിട്ടുമ്പോഴാണ് ഭരണാധികാരികൾ അവരുടെ ജോലി വിജയകരമായി ചെയ്യുന്നത്.

സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനുള്ള വരം
ധനസഹായം ചെയ്യുന്നതിനുള്ള വരം
സുവിശേഷപ്രചരണ വരം
അധ്യാപന വരം
ശുശ്രൂഷാവരം
സമാശ്വസിപ്പിക്കുന്നതിനുള്ള വരം
ശ്ലൈഹികവരം
അജപാലനവരം

ഇവയെല്ലാം വി. പൌലോസിൻെറ അഭിപ്രായത്തിൽ 'സിദ്ധികൾ' ആണ്.

പ്രത്യേകവരങ്ങൾ സഭയുടെ നന്മയ്ക്കായി വ്യക്തികൾക്ക് ദൈവം കൊടുക്കുന്ന കഴിവുകളാണ്. ഇതിൽ നാം പ്രത്യേകിച്ച് അഭിമാനിക്കേണ്ടതില്ല. നമ്മെ ദൈവത്തിൻെറ മക്കളാക്കിത്തീർക്കുന്ന പരിശുദ്ധാത്മാവിൻെറ ദാനങ്ങളിലും ഫലങ്ങളിലുമാണ് നാം സന്തോഷിക്കേണ്ടതു്.

''ഇതാ പാമ്പുകളെയും തേളുകളെയും ശത്രുവിൻെറ സകല ശക്തിയെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു. യാതൊന്നും നിങ്ങൾക്കുപദ്രവം വരുത്തുകയില്ല.

''എങ്കിലും പിശാചുക്കൾ നിങ്ങൾക്കു കീഴടങ്ങുന്നതിൽ നിങ്ങൾ സന്തോഷിക്കേണ്ട; നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നതുകൊണ്ടു നിങ്ങൾ സന്തോഷിക്കുവിൻ'' (ലൂക്കാ. 10/19–20)

## എതിർപ്പുകൾ — ആരോപണങ്ങൾ — സംശയങ്ങൾ

'പെന്തക്കോസ്തുകാർ' എന്നു കേൾക്കുമ്പോൾ കത്തോലിക്കർ സാധാരണയായി മനസ്സിലാക്കുന്നതു് പാട്ടും കൊട്ടും തെരുവുപ്രസംഗവുമായി നടന്നു് മറുഭാഷ സംസാരിക്കുമെന്നു് അവകാശപ്പെടുന്ന 'താഴ്ന്നതരം' ക്രൈസ്തവരെയാണു്. അതിനോടു സദൃശ്യമായ ഒന്നു് തങ്ങളുടെ ഇടയിൽ ശക്തിപ്പെടുന്നു എന്ന സംഗതി കത്തോലിക്കർക്കു ചിന്തിക്കുവാൻകൂടി പ്രയാസം.

ഉത്തരം: — പാട്ടും കൊട്ടും തെരുവുപ്രസംഗവും 'താഴ്ന്നതരം ക്രൈസ്തവരെ'ന്നു് പരിഹസിക്കപ്പെടുന്നവർ മാത്രമല്ല, ഉയർച്ച നേടിയ കത്തോലിക്കരും നിർവ്വഹിക്കാറുണ്ടല്ലോ. ഏതായാലും പെന്തക്കോസ്തലിസം കത്തോലിക്കരുടെ ഇടയിലും ശക്തിപ്രാപിച്ചുവരുന്നു.

സംശയം: — കത്തോലിക്കാ പെന്തക്കോസ്തുകാർ പഴയ പെന്തക്കോസ്തുകാരെ അനുകരിക്കുവാൻ വെമ്പൽ കൊള്ളുന്ന വിഭാഗമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഉത്തരം: — പെന്തക്കോസ്തുകാരെ അന്ധമായി അനുകരിക്കാൻ കത്തോലിക്കാ പെന്തക്കോസ്തുകാർ ഒരു വെമ്പലും കാണിക്കുന്നില്ല. എല്ലാക്കാര്യങ്ങളിലും അനുകരിക്കുന്നുമില്ല.

**"വേർപെട്ടു നില്ക്കുന്ന സഹോദരങ്ങളിൽ കാണുന്ന യഥാർത്ഥ ക്രിസ്തീയ മൂല്യങ്ങളെ കത്തോലിക്കർ വിലമതിച്ച് സന്തോഷപുരസ്സരം സ്വീകരിക്കേണ്ടതാണു്".**

**"വേർപെട്ടുനില്ക്കുന്ന നമ്മുടെ സഹോദരങ്ങളുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവു പ്രസാ**

ദവരം വഴി നിർവ്വഹിക്കുന്ന ഓരോന്നും നമ്മുടെ അനുകരണത്തിനു് അർഹമാണെന്ന കാര്യം വിസ്മരിക്കരുതു്''.

(എക്യുമെനിസത്തെക്കുറിച്ചുള്ള വത്തിക്കാൻ സൂനഹദോസിൻെറ പ്രമാണരേഖ. അ. 1)

ഇങ്ങനെ വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നതു് അനുസരിച്ചാണു് പെന്തക്കോസ്തുകാരെ കത്തോലിക്കർ ചില കാര്യങ്ങളിൽ അനുകരിക്കുന്നതു്. ഉദാഹരണം:— പ്രാത്ഥന ഒരുതരം വ്യാകുലപ്രസംഗമാകാതെ, പ്രധാനമായി സന്തോഷത്തോടുകൂടിയുള്ള സ്തോത്രമാകുന്നതിൽ അകത്തോലിക്കരെ അനുകരിക്കുക.

''പരിശുദ്ധാത്മാവു നിങ്ങളിൽ സദാ നിറഞ്ഞുകൊണ്ടിരിക്കട്ടെ. സങ്കീത്തനങ്ങളും സ്തുതിഗീതങ്ങളും പ്രാത്ഥനാഗാനങ്ങളും ആലപിച്ചു് പരസ്പരം സംസാരിക്കുവിൻ. നിങ്ങളുടെ ഹൃദയങ്ങളിൽ കത്താവിനു മധുരഗാനം പാടുവിൻ'' എന്നുള്ള ദൈവവചനം (എഫേ. 5/18) അനുസരിച്ചാണു് പാട്ടും കൊട്ടും സന്തോഷവുമുള്ള പ്രാത്ഥന നാം അനുകരിക്കുന്നതു്.

സംശയബുദ്ധിയോടുകൂടി കത്തോലിക്കാപെന്തക്കോസ്തൽ പ്രസ്ഥാനത്തെ വീക്ഷിക്കുന്ന ചില വേദശാസ്ത്രപണ്ഡിതന്മാർപോലും, ''കത്തോലിക്കാ പെന്തക്കോസ്തു പ്രസ്ഥാനം ഒരർത്ഥത്തിൽ നമ്മുടെ ഇടയിൽനിന്നും അപ്രത്യക്ഷമായിപ്പോയ, ആദിമസഭയുടെ ജീവിതത്തിലുണ്ടായിരുന്ന ചില വിശിഷ്ട ഘടകങ്ങളെ കണ്ടെത്താൻ സഹായിക്കുന്നുണ്ടെന്നതു് സത്യമാണു്'' എന്നു തുറന്നു സമ്മതിച്ചിരിക്കുന്നു.

'സന്തോഷത്തോടുകൂടിയുള്ള പ്രാർത്ഥന'യാണു് ഇങ്ങനെ 'അപ്രത്യക്ഷമായിപ്പോയ ഒരു വിശിഷ്ടഘടകം'. സംശയം --വ്യക്തിപരമായ പെന്തക്കോസ്തൽ അനുഭവം

വഴി നിങ്ങളും ശ്ലീഹന്മാരെപ്പോലെ 'പരിശുദ്ധാത്മാവിലുള്ള മാമ്മോദീസാ' സ്വീകരിക്കുന്നു എന്നാണോ ഭാവം? അങ്ങനെയെങ്കിൽ നിങ്ങൾ രണ്ടു മാമ്മോദീസായിൽ വിശ്വസിക്കുന്നുണ്ടോ? അതായത് (1) ശിശുക്കളായിരുന്നപ്പോൾ സ്വീകരിച്ച മാമ്മോദീസാ, (2) അടുത്തകാലത്തുകിട്ടിയ പരിശുദ്ധാത്മാവിലുള്ള അനുഭവം. അതല്ലെങ്കിൽ ഈ 'പരിശുദ്ധാത്മാവിലുള്ള അനുഭവം' തന്നെയാണോ നിങ്ങൾ 'സാക്ഷാൽ മാമ്മോദീസാ' ആയി സ്വീകരിക്കുന്നത്?

ഉത്തരം: — ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായും മാത്രമേ ഉള്ളുവെന്നു കത്തോലിക്കാ പെന്തക്കോസ്തർ വിശ്വസിക്കുന്നു.

അകയാൽ ശിശുക്കളായിരുന്നപ്പോൾ നമുക്കു കിട്ടിയ 'ജലത്താലും പരിശുദ്ധാത്മാവിനാലും' ഉള്ള സ്നാനമാണ് ഏക മാമ്മോദീസാ ആയി നാം സ്വീകരിക്കുന്നത്.

വ്യക്തിപരമായി ഉണ്ടാകുന്ന പെന്തക്കോസ്തൽ അനുഭവത്തെ, അതായത് പരിശുദ്ധാത്മാവിൻെറ ശക്തിയാൽ ആത്മാവു നിറയുന്നതായി അനുഭവപ്പെടുന്ന അനുഗ്രഹത്തെ 'പരിശുദ്ധാത്മാവിൻെറ നിറവ്' (Filling of the Holy Spirit) എന്നു നാം വിളിക്കുന്നു.

പ്രായപൂർത്തി ആയതിനുശേഷം സ്വമനസ്സാ സ്വീകരിക്കുന്ന മാമ്മോദീസാ മാത്രമാണ് ശരിയായ മാമ്മോദീസാ എന്നു വിശ്വസിക്കുന്ന ചില അകത്തോലിക്കരുണ്ട്. മുൻപറഞ്ഞ 'പരിശുദ്ധാത്മാവിലുള്ള അനുഭവ'ത്തെ ഇക്കൂട്ടർ സാക്ഷാൽ 'പരിശുദ്ധാത്മാവിലുള്ള മാമ്മോദീസാ' (Baptism in the Spirit) ആയി പരിഗണിക്കുന്നു. ഈ തത്വം കത്തോലിക്കർ അംഗീകരിക്കുന്നില്ല.

'വ്യക്തിപരമായ അനുഭവ'ത്തെ Baptism in the Spirit എന്ന രൂപകാർത്ഥത്തിൽ കത്തോലിക്കരും വിളിക്കാറുണ്ട്. ദൈവശാസ്ത്രപരമായി ഈ പ്രയോഗം ശരിയല്ല; തെററായ ധാരണകരംക്ക് ഇട കൊടുക്കുകയും ചെയ്യും. അതുകൊണ്ട് 'പരിശുദ്ധാത്മാവിയിലുള്ള അനുഭവം' എന്നു പറയുന്നതാണു നല്ലതു്.

'പരിശുദ്ധാത്മാവിയിലുള്ള അനുഭവം' വളരെ ശക്തമായി, നാടകീയമായ വിധത്തിൽ ചിലക്കുണ്ടാകാറുണ്ട്. ചിലരിൽ ഇത്തരം അനുഭവം പല പ്രാവശ്യം ഉണ്ടാകുന്നു. ആത്മാവിൽ അരൂപിയുടെ ശക്തി ക്രമേണ വളന്നു വരുന്നതാണു് മററു ചിലരുടെ അനുഭവം.

ഏതായാലും ഈ ആദ്യാനുഭവത്തിനല്ല നാം പ്രാധാന്യം കൊടുക്കുന്നതു്. തുടന്നുണ്ടാകുന്ന 'പരിശുദ്ധാത്മാവിയിലുള്ള പുതിയ ജീവിത'ത്തിനാണു്.

സംശയം: നിങ്ങരം പറയുന്ന ഈ പുതിയ ജീവിതത്തിനു് എന്താണൊരു പുതുമ? 'പരിശുദ്ധാത്മാവിയിലുള്ള അനുഭവ'ത്തിനുശേഷം എന്തു മാററം വരുന്നു എന്നാണു നിങ്ങരം അവകാശപ്പെടുന്നതു്?

ഉത്തരം:— പ്രത്യക്ഷമായിക്കാണുന്ന ചില മാററങ്ങരം പറയാം.

1. ദൈവം 'എന്നെ വളരെ അധികം സ്നേഹിക്കുന്ന എൻെറ പിതാവ്'' ആണെന്നുള്ള അവബോധം.
2. സന്തോഷപ്രദവും നിരന്തരവുമായ ദൈവസാന്നിദ്ധ്യസ്മരണ.
3. പ്രാർത്ഥനയിലുള്ള അധികമായ താല്പര്യം.
4. വിശുദ്ധ ഗ്രന്ഥം വായിക്കുന്നതിലുള്ള അഭിരുചിയും ഉത്സാഹവും.

5. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' എന്ന പ്രമാണമനുസരിച്ച് എല്ലാവരോടുമുള്ള സ്നേഹം.
6. ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നതിനുള്ള അന്യാദൃശമായ ആഗ്രഹം.
7. തികഞ്ഞ ക്രിസ്തീയജീവിതത്തിന് ആവശ്യമായ ഏതു ത്യാഗവും ചെയ്യുവാനുള്ള മനസ്ഥിതി.

ആരോപണം, 1. പരിശുദ്ധാത്മാവിൽനിന്നു കിട്ടുന്ന അനുഗ്രഹങ്ങളെക്കുറിച്ചു നിങ്ങൾ എന്തിനാണ് അന്യരോടു പറഞ്ഞുനടക്കുന്നത്? കത്തോലിക്കാസഭയിലെ പുണ്യാത്മാക്കൾ അവയെക്കുറിച്ചു പറയാതെ ഒളിച്ചുവയ്ക്കുകയാണല്ലൊ ചെയ്യുന്നത്. നിങ്ങൾ എന്താണിങ്ങനെ?

ഉത്തരം:— വി. പൌലോസ്, വി. ആഗസ്തീനോസ് വി. അമ്മത്രേസ്യാ, വി. കൊച്ചുത്രേസ്യാ എന്നിങ്ങനെ കത്തോലിക്കാസഭയിലെ അനേകം പുണ്യാത്മാക്കൾ ദൈവം അവർക്കു കൊടുത്ത അനുഗ്രഹങ്ങളെക്കുറിച്ച്, സഹോദരങ്ങളുടെ ആത്മീയോപകാരം കരുതി, പരസ്യമായി പറഞ്ഞിട്ടുണ്ട്. കത്തോലിക്കാ പെന്തക്കോസ്തർ പുണ്യാത്മാക്കളല്ലെങ്കിലും ഇക്കാര്യത്തിൽ അവരെ അനുകരിക്കുന്നു. ഇതു് അഹങ്കാരമായി മുദ്ര കുത്തരുതെന്നു വിനീതമായി അപേക്ഷിച്ചുകൊള്ളട്ടെ.

ആരോപണം, 2. മാമ്മോദീസാവഴി എല്ലാ ക്രിസ്ത്യാനികളും പരിശുദ്ധാത്മാവിനെ പ്രാപിച്ചിട്ടുണ്ട്. സ്ഥൈര്യലേപനംവഴിയും പൗരോഹിത്യംവഴിയും പരിശുദ്ധാത്മാവിനെ പ്രത്യേക വിധിയായി പ്രാപിക്കുന്നു. ഇങ്ങനെ കൂദാശകൾവഴി പരിശുദ്ധാത്മാവിനെ പ്രാപിച്ചിരിക്കുന്ന കത്തോലിക്കർക്ക്, ധ്യാനഗുരുവിൻെറയോ മറ്റോ കൈവെപ്പു പ്രാർത്ഥനമൂലം വീണ്ടും പരിശുദ്ധാത്മാവിൻെറ അനുഗ്രഹം കിട്ടുന്നു എന്നു പറയുന്നതു് ഒരുതരം തട്ടിപ്പല്ലേ?

ഉത്തരം:— മാമ്മോദീസാ തുടങ്ങിയ കൂദാശകരംവഴി പരിശുദ്ധാത്മാവിനെ പ്രാപിച്ച ക്രിസ്ത്യാനികളോടാണു് 'നിങ്ങളിൽ പരിശുദ്ധാത്മാവു സദാ നിറഞ്ഞുകൊണ്ടിരിക്കട്ടെ' (എഫേ. 5/18) എന്നു വി. പൌലോസ് ഉപദേശിച്ചതു്. ഇതനുസരിച്ച് പരിശുദ്ധാത്മാവിൻെറ കൂടുതൽ അനുഗ്രഹങ്ങരംക്കായി നമ്മളും പ്രാത്ഥിക്കുന്നു. കൈവച്ചുപ്രാത്ഥിക്കുന്ന ആളും അനുഗ്രഹം സ്വീകരിക്കുന്ന ആളും ഒരേ കാര്യത്തിനുവേണ്ടിയാണു് പ്രാർത്ഥിക്കുന്നതു്. ''ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ചു് ഒരു കാര്യത്തിനുവേണ്ടി പ്രാർത്ഥിച്ചാൽ സ്വർഗ്ഗസ്ഥനായ എൻെറ പിതാവു് അതു സാധിച്ചുതരും'' (മത്താ. 18/19) എന്ന നമ്മുടെ കർത്താവിൻെറ വചനമനുസരിച്ച് നമുക്കു പരിശുദ്ധാത്മാവിൻെറ അനുഗ്രഹങ്ങരം കൂടുതലായികിട്ടുന്നു.

''നിങ്ങളുടെ മക്കരംക്കു നല്ല ദാനങ്ങരം കൊടുക്കുവാൻ ദോഷികളായ നിങ്ങരംക്കറിയാം. അങ്ങനെയെങ്കിൽ നിങ്ങളുടെ പിതാവു് തന്നോടു ചോദിക്കുന്നവക്കു സ്വർഗ്ഗത്തിൽനിന്നു് എത്രയോ ധാരാളമായി പരിശുദ്ധാത്മാവിനെ നൽകും?'' (ലൂക്കാ. 11/13) എന്ന നമ്മുടെ കർത്താവിൻെറ വചനങ്ങളും നാം ഓക്കുന്നതു നന്നു്.

## 'പരിശുദ്ധാത്'മാവിലുള്ള അനുഭവ'ത്തിനു് എങ്ങനെ ഒരുങ്ങാം?

കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്കു് അനേകംപേർ ഈ ചോദ്യവുമായി ഞങ്ങളെ സമീപിച്ചു. അവരുടെ സമയവും സൗകര്യവും കണക്കിലെടുത്തുകൊണ്ടു് പലതരം പരിപാടികളാണു ഞങ്ങരം നിർദ്ദേശിച്ചിട്ടുള്ളതു്.

1. കരിസ്മാററിക്ക ധ്യാനം: — 'പരിശുദ്ധാത്മാവിലുള്ള അനുഭവം' കിട്ടിയ ഒരു ധ്യാനഗുരുവിൻെറ നേതൃത്വത്തിൽ പരിശുദ്ധാത്മാവിൻെറ പ്രവത്തനങ്ങളെക്കുറിച്ചു പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുക. കഴിഞ്ഞ ജീവിതത്തെക്കുറിച്ച് പശ്ചാത്തപിച്ച്, പരിശുദ്ധാത്മാവിൻെറ നിയന്ത്രണത്തിനു സ്വയം വിട്ടുകൊടുക്കുന്ന പുതിയ ജീവിതത്തിനു തയ്യാറാവുക. ധ്യാനഗുരുവിൻെറ കൈവെപ്പു പ്രാർത്ഥനവഴി ആത്മീയ രോഗശാന്തിയും പരിശുദ്ധാത്മാവിൻെറ അനുഗ്രഹങ്ങളും പ്രാപിക്കുക.

2. കരിസ്മാററിക്ക് പ്രാർത്ഥനാസെമിനാർ: — 'ധ്യാനം' എന്ന പേരിനു പകരം 'പ്രാർത്ഥന' എന്നു പറയുന്നു. ബൈബിറം വായനയ്ക്കും പഠനത്തിനും കൂടുതൽ സ്ഥാനം കൊടുക്കാറുണ്ട്. മററു പരിപാടികളെല്ലാം കരിസ്മാററിക്ക ധ്യാനത്തിൻെറതു തന്നെ.

ഈ രണ്ടു പരിപാടികളിലും വളരെപ്പേക്ക് ഒരുമിച്ചു സംബന്ധിക്കാം. ഒരുമിച്ചുകൂടിയുള്ള പ്രാർത്ഥനയും പരസ്പര അനുഭവം പങ്കുവെയ്ക്കലും എല്ലാവക്കും വളരെ സഹായകമായിത്തീരുന്നു.

3. നിയന്ത്രിത ധ്യാനം: — ഒന്നും രണ്ടും വ്യക്തികറംക്കുവേണ്ടിയാണ് ഞങ്ങളിതു നടത്തിയിട്ടുള്ളതു്. പരിചയസമ്പത്തുള്ള ഒരു വൈദികൻ സ്വന്തം അനുഭവത്തിൻെറ വെളിച്ചത്തിൽ ധ്യാനാത്ഥിയെ അനുതാപത്തിൻെറ മാർഗ്ഗത്തിലൂടെ നയിക്കുന്നു. ദീർഘമായ ഒരു ആത്മപരിശോധനയ്ക്ക് അയാളെ സഹായിക്കുന്നു. ജീവിതനവീകരണത്തിനുള്ള പ്രതിജ്ഞകറം ചെയ്ത് 'പാപമോചനം'വഴി ആത്മീയരോഗശാന്തിയുംകൈവപ്പു പ്രാത്ഥനവഴി 'പരിശുദ്ധാരൂപിയിലുള്ള അനുഭവ'വും അയാറം പ്രാപിക്കുന്നു. ഒരാഴ്ചവട്ടം ഇത്തരം ധ്യാനത്തിൽ

കഴിക്കുന്നതു വളരെ ഫലപ്രദമായി കണ്ടിട്ടുണ്ട്. ഇത്ര യും സമയം കിട്ടാത്തവക്കുവേണ്ടി രണ്ടോമൂന്നോ ദിവസ ത്തെ 'ഷോർട്ട് കോഴ്സും' ചിലപ്പോഗം ഞങ്ങഗം നടത്തുന്നു.

മുൻപറഞ്ഞ തരത്തിലുള്ള സെമ്മിനാറുകളിലും ധ്യാനങ്ങളിലും സംബന്ധിച്ച് പരിശുദ്ധാത്മപ്രയിലു ള്ള അനുഭവം പ്രാപിച്ച അനേകം പേരുടെ റിപ്പോർട്ടുക ളിൽനിന്നു്, ഉദാഹരണത്തിനുവേണ്ടി മാത്രം ഒന്നു രണ്ടെ ണ്ണം താഴെച്ചേർക്കുന്നു.

ഞങ്ങളുടെ പറമ്പിൽ ഒരു നിധിയിരിപ്പുണ്ട് എന്നു പലനാളുകളായി ഞാൻ കേട്ടുതുടങ്ങിയിട്ടു്. ഒരു ദിവസം ഞാൻ തീരുമാനിച്ചു, ഈ പറമ്പൊന്നു കുഴിക്കു ക. നിധിയുണ്ടെങ്കിൽ ഭാഗ്യം! ഇല്ലെങ്കിൽ വ്യത്ഥമായ ആശകളും അബദ്ധസങ്കല്പങ്ങളും അതോടെ അവസാനി ക്കുമല്ലൊ.

നിധിയുണ്ടെന്നു പറഞ്ഞസ്ഥലത്തു ഞാൻ കിളുയ്ക്കു വാൻ തുടങ്ങി. കിളച്ചുകിളച്ചു താഴ്ത്തി. ഞാൻ വി യത്തുവലഞ്ഞു. രാപകലുകഗം മൺതരികളോടൊപ്പം പ റന്നുമറഞ്ഞു. എൻെറ രക്തം നീത്തുള്ളികളായി വരണ്ട ഭൂമിയിൽ പതിച്ചു. വിയർപ്പു വീണ കുതിർന്ന മണ്ണിൽ ഞാൻ വീണ്ടും വീണ്ടും പിക്കാക്ക്സ് എറിഞ്ഞു. അങ്ങ നെ ചെന്നപ്പോഗം അതാ ഒരു വലിയ പാറ! ആ പാറ യ്ക്കടിയിലാണു നിധി. എങ്കിൽ പാറ തകക്കുകതന്നെ യെന്നു ഞാൻ തീരുമാനിച്ചു. പാറ പൊട്ടിച്ചുമാററിയ പ്പോഗം അവിടെ, മൂടിവച്ചിരിക്കുന്ന ഒരു വലിയ വാപ്പ്. വാർപ്പിൻെറ മൂടിക ഞാൻ മാററി. ഹോ, കണ്ണഞ്ചിക്കു ന്ന കാഴ്ച! ആ വാർപ്പിൽ മിന്നിത്തിളങ്ങുന്ന പൊൻ നാണയങ്ങളുടെ ഒരു കൂമ്പാരം! അവിടെനിന്നും ഉതിന്ന കനകക്കതിരുകഗം കണ്ടു്ഞാനാകെ പരിഭ്രമിച്ചുപോയി.

ഇതുപോലെ ഒരനുഭവമാണ് കരിസ്മാററിക്ക് പ്രാത്ഥനകൊണ്ടു് എനിക്കു ലഭിച്ചതു്. എന്റെ ആത്മാവാകുന്ന തോട്ടം അമോഘമായ നിധിയുടെ ഇരിപ്പിടമാണ്. പക്ഷെ അതു ഞാൻ മനസ്സിലാക്കിയിരുന്നില്ല.

ക്രൈസ്തവജീവിതാനന്ദമെന്ന ആ നിധി കണ്ടെത്തുന്നതിന് കരിസ്മാററിക്ക പ്രാർത്ഥന വളരെ സഹായമാണെന്നു പലരും പറഞ്ഞു. എങ്കിലും എനിക്കു വിശ്വാസം തോന്നിയില്ല. പരമ്പരാഗതമായ പ്രാത്ഥനകരം എല്ലാം എനിക്കുണ്ടല്ലൊ. പിന്നെ എന്തിനു് ഇങ്ങനെയൊരു പുതിയ രീതി? ആ പുത്തൻ വേദക്കാരുടെ കാര്യം കേരംക്കാൻതന്നെ എനിക്കിഷ്ടമില്ലായിരുന്നു.

എന്നാൽ ചെത്തിപ്പുഴയുള്ള പ്രാത്ഥനാഗ്രൂപ്പിന്റെ സഹായത്തോടെ അവരോടൊരുമിച്ചു് ഒരുദിവസം ഞാൻ പ്രാർത്ഥിച്ചു. അന്നു ഞാൻ ആ നിധിയോടു വളരെ അടുത്തു. യഥാർത്ഥത്തിലുള്ള ക്രൈസ്തവജീവിതത്തിന്റെ ആനന്ദം എനിക്കല്പം അനുഭവപ്പെട്ടു.

കാരണം, എന്നിലുള്ള പാറക്കെട്ടുകരം അന്നു ഞാൻ കുറെയെല്ലാം പൊട്ടിച്ചുകളഞ്ഞു. അതായതു പരിശുദ്ധാത്മാവിന്റെ സഹായത്താൽ ഞാൻ കുറെക്കൂടി വെളിച്ചമുള്ളവനായി. ആ ദിവ്യശക്തിയാൽ എന്റെ ഉള്ളിലെ ചില ബന്ധനങ്ങരം ഞാൻ അറത്തുമാററി. ബന്ധനങ്ങളിൽ പ്രധാനപ്പെട്ടതു് ക്രിസ്തീയമായ സ്നേഹത്തിന്റെ അഭാവം, അല്ലെങ്കിൽ ചിലരെ സ്നേഹിക്കുവാൻ കഴിയായ്ക ആയിരുന്നു. എന്നാൽ ദൈവാത്മാവിയുടെ പ്രവത്തനങ്ങരംക്കു സാക്ഷ്യം നിന്ന ആ നിമിഷങ്ങരംക്കു ശേഷം, മുമ്പ് സ്നേഹിക്കുവാൻ കഴിയാതിരുന്ന എന്റെ സ്വന്തക്കാരെ യഥാത്ഥത്തിൽ എനിക്കു സ്നേഹിക്കുവാൻ കഴിയുന്നുണ്ടു്. ഇതാണെന്റെ അനുഭവം. ഇതു നിലനില്ക്കണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

മുൻപറഞ്ഞ അനുഭവത്തിനുശേഷം ഞാൻ ഒരു ധ്യാനം കഴിച്ചു. ഒരു കരിസ്മാററിക്കു വൈദികൻെറ നേതൃത്വത്തിൽ ഒരാഴ്ചയോളം നിണ്ടുനിന്ന ധ്യാനം.

ആ ധ്യാനത്തിൽ ഞാൻ എൻെറ കഴിഞ്ഞ ജീവിതത്തെക്കുറിച്ചു ചിന്തിച്ചു. എൻെറ പാപങ്ങളെക്കുറിച്ച് ഓത്തു പശ്ചാത്തപിച്ചു, ഹൃദയവേദനയോടെ. എന്നെ സ്നേഹിക്കുന്ന ഒരു പിതാവുണ്ടെന്നു്, എനിക്കുവേണ്ടി ജീവാർപ്പണം ചെയ്ത ഒരു രക്ഷകൻ എനിക്കുണ്ടെന്നു്, എന്നെ നിരന്തരം കൈപിടിച്ചുനടത്തുന്ന ഒരു ദൈവാത്മപിയുണ്ടെന്നു്എനിക്കു ബോദ്ധ്യമായി. ദൈവസ്നേഹത്തിൻെറ മുമ്പിൽ ഞാൻ എത്ര നിസ്സാരൻ! ഞാൻ നിസ്സാരനാണെങ്കിലും ദൈവത്തിനു ഞാൻ പ്രിയപ്പെട്ടവനാണുതാനും.

ആ ധ്യാനത്തിൽ ഞാൻ എന്നെ പൂണ്ണമായും ദൈവത്തിനു സമർപ്പിച്ചു, എനിക്കായി ഒന്നും ബാക്കി വയ്ക്കാതെ. എനിക്കുവേണ്ടി ധാരാളംപേർ പ്രാത്ഥിച്ചിരുന്നു. ഒരു ദിവസം ധ്യാനഗുരുവിൻെറ കൈവയ്പു പ്രാത്ഥന വഴി പരിശുദ്ധാത്മാവിൻെറ മറെറാരനുഭവം എനിക്കുണ്ടായി. എന്നിൽ ദൈവാത്മപി നിറയുന്നതായി എനിക്കുതോന്നി. മുഴുവൻ നിധിയും എൻേറതായെന്നൊരു തോന്നൽ. വലിയൊരാനന്ദമാണു് എനിക്കന്നു ലഭിച്ചതു്. അപ്പോഠം ഞാനോത്തു ശാശ്വതമായ ആനന്ദം എത്ര മഹത്തരമായിരിക്കുമെന്നു്.

അന്നത്തെ രാത്രിയുടെ വലിയഭാഗം പാട്ടുപാടി ദൈവത്തെ സ്തുതിക്കുവാൻ എനിക്കു കഴിഞ്ഞു.

എൻെറ സാക്ഷ്യം വായിക്കുന്ന സ്നേഹിതരേ, നിങ്ങളോടു ഹൃദയംതുറന്നു ഞാൻ പറയട്ടെ, നിങ്ങളെ ഞാൻ സ്നേഹിക്കുന്നു. നിങ്ങഠം എനിക്കുവേണ്ടി പ്രാത്ഥിക്കണം. നമുക്കൊരുമിച്ചു ദൈവത്തെ സ്തുതിക്കാം.

2. ജീവിതത്തിൽ പ്രാൎത്ഥനയ്ക്ക് വളരെയേറെ പ്രാധാന്യം കൊടുത്തിരുന്ന ഒരു വ്യക്തിയായിരുന്നു ഞാൻ. ആ കാര്യത്തിൽ പലരും എന്നെക്കുറിച്ച് നല്ല അഭിപ്രായക്കാരുമായിരുന്നു. ഇങ്ങനെ പ്രാൎത്ഥനയ്ക്ക് വളരെ സമയം ചിലവഴിച്ചിരുന്നെങ്കിലും അതിൻെറ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലുവാനോ ദൈവവുമായി ഒരു വ്യക്തിപരബന്ധം വളർത്തുകവാനോ എനിക്കു സാധിച്ചിരുന്നില്ല.

ആയിടെയാണ് 'കാത്തലിക് പെൻറക്കോസ്റ്റലിസ'ത്തെക്കുറിച്ച് കേട്ടതും എൻെറകൂടെ ജീവിച്ചിരുന്ന ചിലരുമായി അനുഭവങ്ങൾ പങ്കിടുവാൻ കഴിഞ്ഞതും. അവരുടെയൊക്കെ സഹായത്തോടെ എന്നിൽ ''പരിശുദ്ധാത്മാവിൻെറ നിറവിനുവേണ്ടി'' (Baptism in the Spirit) ഞാൻ പ്രാർത്ഥിക്കുവാൻ തുടങ്ങി. എനിക്ക് ഒരു പ്രത്യേക അനുഭവവും ഉണ്ടായില്ല. മണിക്കൂറുകൾ തുടർച്ചയായി പ്രാർത്ഥനയിൽ ചിലവഴിച്ചു, കരഞ്ഞു കരഞ്ഞപേക്ഷിച്ചു. ഒരു ഗുണവുമില്ല.

നാളുകൾക്കുശേഷം ഒരു സഹോദരൻെറ നിർദ്ദേശമനുസരിച്ച് ഒരു പ്രത്യേക രീതിയിൽ വിശുദ്ധഗ്രന്ഥത്തിൻെറ സഹായത്തോടെ ഞാൻ പ്രാർത്ഥിക്കാനാരംഭിച്ചു. ആ ആഴ്ചയുടെ അവസാനം പ്രാൎത്ഥനാസമൂഹത്തിലെ ഒന്നുരണ്ടുപേരൊത്ത് ഞാൻ പ്രാൎത്ഥിച്ചു. അന്ന് എനിക്ക് പറഞ്ഞറിയിക്കാൻ കഴിയാത്ത ഒരനുഭവം മനസ്സിൽ ഉണ്ടായി. ഒരാളോട് എനിക്കല്പം അസൂയയുണ്ടായിരുന്നു. അതിൽ മനസ്തപിച്ച് പ്രാൎത്ഥിച്ചതിനേത്തുടൎന്നാണ് ഈ അനുഭവം സിദ്ധിച്ചത്. പിന്നീട് പരിശുദ്ധാത്മാവ് കൂടുതൽ കൂടുതലായി എന്നിൽ നിറഞ്ഞു വരുന്നതായി എനിക്കനുഭവപ്പെടുന്നു. ഇപ്പോൾ എനിക്ക് എൻെറസഹോദരങ്ങളെ കൂടുതലായി സ്നേഹിക്കുവാനും അവൎക്കുവേണ്ടി

ജീവിക്കുവാനും മാധുര്യം തോന്നുന്നുണ്ട്. എന്റെ പ്രാർത്ഥന എനിക്കിപ്പോൾ ഒരു ഉണങ്ങിയ ചടങ്ങല്ല. മറിച്ച് പ്രാർത്ഥനാവേളകളിൽ ഞാൻ അതിരററ ആനന്ദത്തോടെ ദൈവത്തെ സ്തുതിക്കുന്നു. പലപ്പോഴും സമൂഹത്തിൽ വച്ച് ദൈവികാനന്ദത്താൽ ഞാൻ കരയുകപോലും ചെയ്യാറുണ്ട്. ഒരു വൈദികൻകൂടിയായ എനിക്ക് എന്റെ പൗരോഹിത്യത്തിന്റെ അർത്ഥവും ആഴവും കൂടുതൽ മനസ്സിലാക്കുവാനും കൂടുതൽ തീക്ഷ്ണതയോടെ കൂദാശകൾ പരികർമ്മം ചെയ്യുവാനും സാധിക്കുന്നു എന്നതാണ് എന്റെ ഏററവും വലിയ സന്തോഷം. ദൈവത്തിനു സ്തുതി.

## മറുഭാഷാവരം

പെന്തക്കോസ്തലിസം ശക്തി പ്രാപിക്കുന്ന സ്ഥലങ്ങളിലെല്ലാം മറുഭാഷാവരവും പ്രത്യക്ഷപ്പെടുന്നു. ഈ വരത്തിന്റെ സ്വഭാവം, ആവശ്യകത, ഉപകാരം എന്നിവയെല്ലാം വിവാദവിഷയമായിത്തീർന്നിരിക്കുകയാണ്. മറുഭാഷയെക്കുറിച്ച് കേൾക്കുമ്പോൾതന്നെ വിവിധവും രസാവഹവുമായ പ്രതികരണങ്ങളാണ് കത്തോലിക്കരിൽ പ്രത്യക്ഷപ്പെടുന്നത്. ചിലതു് താഴെ ചേർക്കുന്നു.

1. ഇങ്ങനെയൊരു വരം ഇപ്പോൾ ഇല്ല. പെന്തക്കുസ്താത്തിരുന്നാളിൽ സീയോൻ മാളികയിൽ അതു പ്രത്യക്ഷപ്പെട്ടു; അതോടെ അവസാനിക്കുകയും ചെയ്തു. ഇങ്ങനെയൊരു വരത്തിനു് ഇപ്പോൾ യാതൊരാവശ്യവുമില്ല.

2. ഭാഷാവരം ഇപ്പോഴും ഉണ്ട്. പക്ഷെ അതു സാരമുള്ളതല്ല. വിലയേറിയതു പ്രവചനവരമാണ്. ഏററവും വിലപിടിച്ചതു സ്നേഹമാണ്. സ്നേഹത്തെ വാനോളം പുകഴ്ത്തുന്ന വി. പൗലോസ് മറുഭാഷാസംസാര

ത്തെക്കുറിച്ചു വളരെ വിലയിടിച്ചു സംസാരിച്ചിരിക്കുന്നു. ഏതായാലും എനിക്കീ വരം വേണ്ട.

(വി. പൗലോസ് ഭാഷാവരത്തെക്കുറിച്ച് ഒരിടത്തും വിലയിടിച്ചു സംസാരിച്ചിട്ടില്ല).

3. ഭാഷാവരം തീർത്തും അനാവശ്യമാണ്. തനിക്കു തന്നെ മനസ്സിലാകാത്ത ഭാഷയിൽ ദൈവത്തോടു പ്രാർത്ഥിക്കുന്നത് അർത്ഥശൂന്യമാണ്. അറിയാവുന്ന ഏതെങ്കിലും ഭാഷയിൽ പ്രാർത്ഥിക്കണം. എനിക്കീ ഭാഷാവരം വേണ്ട.

(പരിശുദ്ധാത്മാവിയുടെ സഹായത്തോടുകൂടി നാം ചെയ്യുന്ന പ്രാർത്ഥനയാണ് മറുഭാഷയിലുള്ള പ്രാർത്ഥന. ''പരിശുദ്ധാത്മാവുതന്നെ നമ്മുടെ ബലക്ഷയത്തെ സഹായിക്കുന്നു. വേണ്ടതുപോലെ എന്തു പ്രാർത്ഥിക്കണം എന്നു നാം അറിയുന്നില്ല. എന്നാൽ പരിശുദ്ധാത്മാവ് വാക്കുകളിൽ പ്രകടിപ്പിക്കുവാൻ സാദ്ധ്യമല്ലാത്ത നിലവിളികളോടുകൂടി നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു'' (റോമാ. 8/26). എന്ന തിരുവചനം ഇത്തരം പ്രാർത്ഥനയെ ആണു സൂചിപ്പിക്കുന്നത്).

4. മറുഭാഷാവരം പരിശുദ്ധാത്മാവിൻെറ ദാനങ്ങളിൽ പെട്ടതായതുകൊണ്ടു നല്ലതു തന്നെ. പക്ഷേ അതു സഭയുടെ ഉപകാരത്തിനായി ചിലക്കു കൊടുക്കുന്നതാണ്. വ്യക്തിക്കു് അതുകൊണ്ടു യാതൊരു പ്രയോജനവും ഇല്ല. ഏതായാലും, പരിശുദ്ധാത്മാവു തരികയാണെങ്കിൽത്തന്നെയും എനിക്കിതു വേണ്ട.

(സഭയുടെ ഉപകാരത്തിനായി കൊടുക്കുന്നതു മറുഭാഷയിലുള്ള പ്രവചനമാണ്, പ്രാർത്ഥനയല്ല).

5. മറുഭാഷാവരം വ്യക്തിപരമായ പ്രാർത്ഥനയ്ക്കുള്ളതാണ്. അങ്ങനെ പ്രാർത്ഥിക്കാൻ ആഗ്രഹമുള്ളവർ

അതു ചെയ്തുകൊള്ളട്ടെ. ഈ ദുർഘട വിഷയത്തെക്കുറിച്ച് ഒന്നും സംസാരിക്കാതെ വിട്ടേയ്ക്കുകയാണുത്തമം. എനിക്കീവരം വേണ്ട.

6. ഭാഷാവരം വ്യക്തിപരമായ സ്തോത്രപ്രാർത്ഥനയ്ക്കും മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കും വളരെ ഫലപ്രദമായതുകൊണ്ട് അതു കിട്ടുവാൻ ഞാൻ തീക്ഷ്ണമായി പ്രാർത്ഥിക്കുന്നു.

7. ഭാഷാവരം ചെറുതാണെങ്കിലും മററു വലിയ വരങ്ങൾ പ്രാപിക്കുന്നതിനുള്ള 'പൊക്കം കുറഞ്ഞ വാതിൽ' ആണെന്നു കേട്ടതു മുതൽ ഈ വരത്തിനുവേണ്ടി ഞാൻ പ്രാർത്ഥിച്ചു പോരുന്നു.

മറുഭാഷാവരത്തെക്കുറിച്ചു കേൾക്കുമ്പോൾതന്നെ അസ്വസ്ഥരാകുന്നവരുണ്ട്. അതിൽ ഒട്ടും വിശ്വാസം തോന്നാത്തവരും ഉണ്ട്. ഇക്കാര്യം 'തട്ടിപ്പൊത്തി' രംഗത്തുനിന്നും മാററുവാനാണ് ഇക്കൂട്ടരുടെ വ്യഗ്രത.

മറുഭാഷാവരം ഇല്ലാത്ത ശക്തന്മാരായ കരിസ്മാററിക്കുകൾ ധാരാളം ഉണ്ട്. എല്ലാ വരവും എല്ലാവർക്കും ഇല്ല എന്നതുതന്നെ ഇതിനു കാരണം. എന്നാൽ പരിശുദ്ധാത്മാവിൻെറ അനുഗ്രഹം കിട്ടിയ വളരെ അധികം ആളുകൾക്കുള്ള ഒന്നാണ് ഭാഷാവരം.

i) മറുഭാഷയിലുള്ള പ്രാർത്ഥന. ''നിങ്ങളെല്ലാവരേയുംകാൾ അധികമായി മറുഭാഷകളിൽ ഞാൻ സംസാരിക്കുന്നതുകൊണ്ട് ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു'' (1 കോറി. 14/18) എന്നു പറഞ്ഞുകൊണ്ട് വി. പൗലോസ് ഇതിനെ പ്രശംസിക്കുന്നു.

ii) മറുഭാഷയിലുള്ള പ്രവചനം. ''അന്യഭാഷയിൽ ആരെങ്കിലും പ്രവചിക്കുന്നുവെങ്കിൽ രണ്ടു പേരോ ഏറിയാൽ മൂന്നു പേരോ സംസാരിക്കട്ടെ. ഓരോരുത്തരാ

യി സംസാരിക്കുകയും ഒരുത്തൻ വ്യാഖ്യാനിക്കുകയും ചെയ്യട്ടെ'' (1. കോറി. 14/27) എന്നിങ്ങനെ വി. പൗലോസ് ഇതിനെ നിയന്ത്രിക്കുന്നു.

കോറിന്തിലെ ക്രിസ്ത്യാനികൾ, വ്യാഖ്യാനിക്കുന്നവൻ സഭയിൽ ഇല്ലാത്തപ്പോൾപോലും, മറുഭാഷയിൽ പ്രവചിക്കുവാൻ കാണിച്ച ആസക്തിയെ ആണ് ശ്ലീഹാ നിരുത്സാഹപ്പെടുത്തുന്നത്. ''വ്യാഖ്യാനിക്കുന്നവൻ ഇല്ലെങ്കിൽ അന്യഭാഷ സംസാരിക്കുന്നവൻ സഭയിൽ മിണ്ടാതിരിക്കുകയും താനും ദൈവവും തമ്മിൽ സംസാരിക്കുകയും ചെയ്യട്ടെ'' (1കോറി. 14/28) എന്നു ശ്ലീഹാ ഉപദേശിക്കുന്നു. ഈ നിയന്ത്രണത്തിനു കീഴ്പ്പെടാതെ പ്രവചിക്കുന്നവൻ ഏതരൂപിയാലാണ് നയിക്കപ്പെടുന്നതു് എന്ന കാര്യം സംശയാസ്പദംതന്നെ.

## പ്രാത്ഥനാസംഘം

### ചെത്തിപ്പുഴ

''എൻെറ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒരുമിച്ചു കൂടുന്നിടത്തെല്ലാം അവരുടെ ഇടയിൽ ഞാനുണ്ടു്'' (മത്താ.18/20)എന്ന നമ്മുടെ കത്താവിൻെറ തിരുവചനം ഇക്കഴിഞ്ഞ ഒരു കൊല്ലത്തിനകം ഞങ്ങൾക്കു് അനേകം പ്രാവശ്യം അനുഭവപ്പെട്ടു. രണ്ടും മൂന്നും പേരായി വളരെ അധികം പ്രാർത്ഥനായോഗങ്ങൾ ഞങ്ങൾ നടത്തിയിട്ടുണ്ടു്. കൂടുതൽ ആളുകൾ—വൈദികരും അല്മായരും–സംബന്ധിച്ച പ്രാർത്ഥനായോഗങ്ങളും ധാരാളമുണ്ടായി.

''പിതാവായ ദൈവമേ, അവിടത്തെ പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു ധാരാളം തരണമേ.

കത്താവീശോമിശിഹായേ, അവിടത്തെ പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു ധാരാളം തരണമേ.

പരിശുദ്ധാത്മാവേ, അവിടത്തെ ദാനങ്ങളും ഫല ങ്ങളും ഞങ്ങൾക്ക ധാരാളം തരണമേ''.

ഈ പ്രാർത്ഥനയോടുകൂടിയാണ് ഞങ്ങൾ സാധാര ണയായി യോഗം ആരംഭിക്കുക.

കരിസ്മാററിക്ക് പ്രാർത്ഥനായോഗത്തിൻെറ ഒരു പ്രത്യേകത, അതിൻെറ പരിപാടികൾക്ക് നിശ്ചിത രൂപം ഇല്ലെന്നുള്ളതാണ്. സ്വയം പ്രേരിതപ്രാർത്ഥന, വേദപുസ്തകവായന, ദൈവവചനത്തിൻെറ വ്യാഖ്യാ നം, മൌനപ്രാർത്ഥന, പങ്കുവെച്ച പ്രാർത്ഥന, സാക്ഷ്യ പ്രസ്താവന, മദ്ധ്യസ്ഥപ്രാർത്ഥന, സ്തോത്രപ്രാർത്ഥന, സമൂഹപ്രാർത്ഥന, സ്തുതിഗീതങ്ങൾ എന്നിവ സജീവ മായും പ്രശാന്തമായും ഒന്നിനു പുറകേ ഒന്നായി നടക്കു ന്നു. വിഷയത്തിൽനിന്നു മാറിപ്പോകാതെ യോഗാംഗ ങ്ങളെ അല്പമൊന്നു നിയന്ത്രിക്കുന്നതു മാത്രമാണ് ലീ ഡറിൻെറ ജോലി.

'പരിശുദ്ധാത്മാവിലുള്ള അനുഭവം' ഞങ്ങളുടെ പ്രാർത്ഥനായോഗത്തിൽവച്ച് വളരെ ശക്തമായ രീതി യിൽ ചിലർക്കുണ്ടായിട്ടുണ്ട്. മറുഭാഷയിൽ പല പ്രാവ ശ്യം ചിലർ പ്രാർത്ഥിച്ചിട്ടുണ്ട്. 'പരിശുദ്ധാത്മാവിൽ നിന്നു ശക്തി പ്രാപിച്ചു' എന്ന അനുഭവത്തോടുകൂടിയാ ണ് സാമാന്യമായി യോഗം സമാപിക്കുക.

മാനസാന്തരം, കുടുംബസമാധാനം, രോഗശാന്തി മുതലായ കാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് യോഗത്തിൽ പലരും ആവശ്യപ്പെടാറുണ്ട്. ഈ മദ്ധ്യ സ്ഥപ്രാർത്ഥനയുടെ ഒരു ഭാഗം യോഗത്തിൽവച്ചുതന്നെ ഞങ്ങൾ നിർവ്വഹിച്ചുപോരുന്നു.

പരിശുദ്ധാത്മരൂപിയിലുള്ള അനുഭവത്തിനായി ദാ ഹിക്കുന്ന സഹോദരങ്ങളെ സഹായിക്കുവാൻ ഞങ്ങൾ സന്നദ്ധരാണ്.

ALACKAL ... LIBRARY

Printed at
The Sandesanilayam Press
Changanacherry

# പെന്തക്കുസ്താ നമ്മുടെ ജീവിതത്തിൽ

231.3
..0

ഫാ. ഫ്ളോറിൻ സി.എം.ഐ.